പതിനാലാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി I
# (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

**2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

1089/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 52 |

# വിഷയനിർണ്ണയ സമിതി I
# (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)
# (2016-18)

## ഘടന

<u>ചെയർമാൻ</u> :

ശ്രീ. വി. എസ്. സുനിൽ കുമാർ,
കൃഷി വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. കെ. രാജു,
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,
മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. പാറക്കൽ അബ്ദുല്ല, എം.എൽ.എ.

ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.

ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.

ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.

ശ്രീ. എം. നൗഷാദ്, എം.എൽ.എ.

ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി.

## അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ ചെയർമാനായ ഞാൻ 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിഷയനിർണ്ണയ സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

വിഷയനിർണ്ണയ സമിതി I-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 20-1-2016, 7-9-2016, 20-10-2016 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2016 ഒക്ടോബർ 20-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വി. എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി I.*

തിരുവനന്തപുരം,
2016 ഒക്ടോബർ 20.

<u>റിപ്പോർട്ട്</u>

## ഭാഗം 1

**കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി-I ന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിൽ മറുപടി ലഭിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും**

<u>ശിപാർശ</u>

2401-00-102-90 - <u>ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം (ജില്ലാ പദ്ധതി)</u>

വിഹിതം : 33,82,00,000 രൂപ (പദ്ധതി)

2015-16 വർഷം 1.80 ലക്ഷം ഹെക്ടറിൽ ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണെന്നും ഈ ശീർഷകത്തിൽ നിലവിലുള്ള ധനസഹായം 1500 രൂപ/ഹെക്ടർ എന്നത് 2015-16 മുതൽ 4500/- രൂപ / ഹെക്ടർ ആയി ഉയർത്താൻ ഉദ്ദേശിക്കുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5400 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 1)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2015-16 വർഷം 1.80 ലക്ഷം ഹെക്ടറിൽ ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2401-00-102-90 പ്ലാൻ ശീർഷകത്തിൽ ഹെക്ടറിന് 1,500/- രൂപ നിരക്കിൽ ആകെ 2,700 ലക്ഷം രൂപ നൽകിയിട്ടുണ്ട്. എന്നാൽ ആർ.കെ.വി.വൈ പദ്ധതിയിലൂടെ ഹെക്ടറിനു 4,500/- രൂപ അനുവദിക്കുന്ന സാഹചര്യത്തിൽ ടി പദ്ധതിയ്ക്കായി 2401-00-102-90 എന്ന ശീർഷകത്തിൽ 2015-2016 വർഷത്തിൽ അധിക തുക ആവശ്യമില്ല.

ശിപാർശ

2401-00-103-87-നാളികേര വികസനം

വിഹിതം :45,00,00,000 രൂപ (പദ്ധതി)

തെങ്ങിൻതോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിലെ കേരഗ്രാമം പദ്ധതിയിൻകീഴിൽ വളരെ കുറച്ച് പഞ്ചായത്തുകൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ എന്നതിനാൽ കൂടുതൽ പഞ്ചായത്തുകളെ ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതിനുവേണ്ടി 4500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

നാളികേര വികസന പദ്ധതിയിൻകീഴിൽ കേരഗ്രാമം പദ്ധതി ആരംഭിച്ചത് 2014-15 സാമ്പത്തിക വർഷമാണ്. ഇതിന്റെ ഭരണാനുമതി ലഭിച്ചത് 2014-15 സാമ്പത്തിക വർഷത്തിന്റെ അവസാന കാലയളവിലാണ്. അതിനാൽ ഈ പദ്ധതി 2015-16-ലാണ് പൂർണ്ണമായും നടപ്പിലാക്കിയത്. കൂടാതെ 2015-16 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി വീണ്ടും 4500 ലക്ഷം രൂപ ലഭിക്കുക ഉണ്ടായി. സമിതി ശിപാർശ പ്രകാരം കൂടുതൽ പഞ്ചായത്തുകളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിന് ഈ തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യപ്പെടുക ഉണ്ടായില്ല.

ശിപാർശ

2401-00-104-91- ഡിപ്പാർട്ട്മെന്റ് കൃഷി സ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കൽ

വിഹിതം :10,75,00,000 രൂപ (പദ്ധതി)

ഉൽപ്പാദനോപാധികളുടെയും തൈകളുടെയും വിതരണത്തിനുള്ള വാഹന വാടക, വിത്തുതേങ്ങയുടെ വില എന്നീ ഇനങ്ങളിൽ അധികം തുക

വേണ്ടിവരുമെന്നതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം തൈകളുടെ ഉല്പാദനത്തിനും വിതരണത്തിനുമായി 4401-00-104-98 എന്ന ശീർഷകത്തിൽ 375 ലക്ഷം രൂപ അനുവദിക്കുകയും വിനിയോഗിക്കുകയും ചെയ്തു.

ശിപാർശ

2401-00-104-86 (01) - ഫാം സെക്യൂറിനുവേണ്ടിയുള്ള പ്രത്യേക സഹായ പദ്ധതി - കടാശ്വാസ കമ്മീഷൻ

വിഹിതം : 21,38,01,000 രൂപ (പദ്ധതിയേതരം)

ഫാം സെക്യൂറിനുവേണ്ടിയുള്ള പ്രത്യേക സഹായ പദ്ധതിക്കായുള്ള അപേക്ഷകൾ തീർപ്പാക്കാനും ഇതിനകം തീർപ്പു കൽപ്പിച്ച അപേക്ഷകളിൽ കർഷകർക്ക് കടാശ്വാസം അനുവദിക്കാനും ഈ ശീർഷകത്തിൽ 2500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 4)

സർക്കാർ സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ വകയിരുത്തിയിരുന്ന 21,38,01,000/-രൂപയിൽ 20 കോടി രൂപ കടാശ്വാസവിതരണത്തിനായും 1,38,01,000/-രൂപ കമ്മീഷന്റെ പ്രവർത്തനച്ചെലവുകൾക്കായുള്ള ഗ്രാന്റ്-ഇൻ-എയ്ഡിനുമാണ് നീക്കിവച്ചിട്ടുള്ളത്. കമ്മീഷനുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ ബജറ്റ് വിഹിതത്തിനു പുറമേ 25 ലക്ഷം രൂപ കൂടി 2015-16 വർഷത്തിൽ അനുവദിച്ചു. കടാശ്വാസവിതരണത്തിന് അധികതുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2401-00-105-85 - ഓർഗാനിക് ഫാമിംഗ്

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

ജൈവകൃഷി രാജ്യത്ത് സജീവമായിക്കൊണ്ടിരിക്കുന്ന ഒരു മേഖലയാണ്. 2016-ഓടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജൈവകൃഷി

നടപ്പിലാക്കുന്നതിന് 2500 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 5)

സർക്കാർ സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷം ഓർഗാനിക് ഫാമിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് 2401-00-105-85 എന്ന ശീർഷകത്തിൽ 1000 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇത് കൂടാതെ കേന്ദ്രധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) എന്ന പദ്ധതിക്ക് 849 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. പദ്ധതിയിൽ പി.ജി.എസ് സർട്ടിഫിക്കറ്റ് ലക്ഷ്യമിട്ടിരുന്ന വിവിധ പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. ഉദാഹരണമായി ക്ലസ്റ്റർ രൂപീകരണം, മണ്ണ് സാമ്പിൾ പരിശോധന, കൃഷി ഇടങ്ങളിൽ ജൈവവളങ്ങളുടെ ഉത്പാദനം, ട്രെയിനിംഗ് മുതലായ പ്രവർത്തനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. സർട്ടിഫിക്കേഷൻ മൂന്ന് വർഷം കൊണ്ട് മാത്രമേ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.

ആയതിനാൽ പി.ജി.എസ് എന്ന പദ്ധതി ബാംഗ്ലൂരിലുള്ള റീജിയണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ മൂന്ന് വർഷം കൊണ്ട് മാത്രമേ ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ.

ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2401-00-108-59 - സുഗന്ധദ്രവ്യങ്ങളുടെ വികസനം

വിഹിതം - 10,00,00,000 രൂപ (പദ്ധതി)

കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ വിസ്തൃതിയും ഉൽപാദനവും വർദ്ധിപ്പിക്കുന്നതിനായി 300 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തേയ്ക്ക് അധിക തുക ആവശ്യമില്ല എന്ന്

കൃഷിവകുപ്പ് ഡയറക്ടർ അറിയിച്ചതിനാൽ ശിപാർശ ചെയ്ത തുക ലഭിക്കുന്നതിനായി നടപടി സ്വീകരിക്കുകയുണ്ടായില്ല.

2401-00-110-83 - കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള ഇൻഷ്വറൻസ് പദ്ധതി (സംസ്ഥാനവിഹിതം)

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

പ്രീമിയം തുകയിനത്തിൽ സംസ്ഥാന വിഹിതമായി അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കോർപ്പറേഷന് നൽകുവാനുള്ള കുടിശ്ശിക കൊടുത്തു തീർക്കുവാൻ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുകയുണ്ടായില്ല. എന്നാൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ നിലനിർത്തിയിട്ടുള്ള 14 കോടി രൂപയുടെ കോർപ്പസ് ഫണ്ടിൽ നിന്നും ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയത്തിന്റെ സംസ്ഥാനവിഹിതത്തിന്റെ കുടിശ്ശിക ഇനത്തിൽ 4,91,05,918/- രൂപ നൽകുന്നതിന് 24-02-2016-ലെ ജി.ഒ (ആർ.റ്റി) 158/16/കൃഷി പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.)

ശിപാർശ

2401-00-113-81- കാർഷിക യന്ത്രവത്ക്കരണത്തിനുള്ള ഉപദൗത്യം (SMAM)

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

കാർഷിക യന്ത്രവൽക്കരണം മെച്ചപ്പെടുത്തുന്നതിനുള്ള ഈ പദ്ധതിയിൽ കേന്ദ്ര വിഹിതമായി 400 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നതെന്നും സംസ്ഥാന വിഹിതം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2015-16 വർഷം സംസ്ഥാന വിഹിതമായി ഈ ശീർഷകത്തിൽ 135 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കാർഷിക യന്ത്രവൽക്കരണത്തിനുള്ള ഉപദൗത്യത്തിനായി (SMAM) 2401-109-72-02, 2401-789-97-02, 2401-796-96-02 ശീർഷകങ്ങളിലായി യഥാക്രമം 5731000/- രൂപ , 756000/- രൂപ , 672000/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. (30-10-2015 ലെ സ.ഉ (സാധാ) നം. 9517/2015/ഫിൻ പ്രകാരം)

<u>ശിപാർശ</u>

2401-00-115-99- <u>ചെറുകിട നാമ മാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി</u>

വിഹിതം : 32,79,00,000 രൂപ (പദ്ധതിയേതരം)

കെ.എസ്.ഇ.ബി വൈദ്യുതിനിരക്ക് പുതുക്കിയതിനാൽ നെൽകർഷകർക്ക് ഭൂപരിധിയില്ലാതെയും കരകൃഷിക്ക് 2 ഹെക്ടർ വരെയും വൈദ്യുതി സൗജന്യം നൽകുന്ന ഈ പദ്ധതിയ്ക്കായി 621 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു (ഖണ്ഡിക 9)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രസ്തുത പദ്ധതിയ്ക്കായി 2015-16 വർഷം 3279 ലക്ഷം രൂപ ബജറ്റ് വിഹിതമായി ലഭിച്ചു. കേരള സംസ്ഥാന വൈദ്യുതിയുടെ താരിഫ് നിരക്കുകൾ കെ.എസ്.ഇ.ബി പുതുക്കുകയും വിളകളുടെ അടിസ്ഥാനത്തിൽ കാർഷിക കണക്ഷനുകളെ വിവിധ കാറ്റഗറികളിലായി തരംതിരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രകാരം നെൽകർഷകർക്ക് ഭൂപരിധിയില്ലാതെയും കരകൃഷിയ്ക്ക് 2 ഹെക്ടർ വരെയും വൈദ്യുതി സൗജന്യം നൽകി വരുന്നുണ്ട്. കൂടാതെ പോളി ഹൗസ് കൃഷിയ്ക്കായി പ്രതിമാസം 50 യൂണിറ്റ് വരെ വൈദ്യുതി സൗജന്യം അനുവദിച്ചിട്ടുമുണ്ട്. ആയതിനാൽ ടി പദ്ധതിക്കായി 674 ലക്ഷം രൂപ കൂടി 2015-16 ൽ വേണ്ടി വരും. 2015-16- ലെ ആദ്യത്തെ എസ്ഡിജി- യിൽ ആവശ്യപ്പെട്ടു എങ്കിലും തുക അനുവദിക്കപ്പെട്ടില്ല.

<u>അധിക നിർദ്ദേശം</u>

നെൽകർഷകർക്ക് ഭൂപരിധിയില്ലാതെയും കരകൃഷിക്ക് 2 ഹെക്ടർ വരെയും വൈദ്യുതി സൗജന്യം നൽകുന്ന പദ്ധതിയ്ക്ക് 674 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യു.

(ഖണ്ഡിക 9)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2015-16 വർഷത്തെ അന്തിമ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി സൗജന്യ വൈദ്യുതി പദ്ധതിയ്ക്കായി കണക്കാക്കിയ 459.8291 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അനുവദിക്കപ്പെട്ടിട്ടില്ല.

<u>ശിപാർശ</u>

2401-00-115-98-<u>ചെറുകിട നാമമാത്ര കർഷക പെൻഷൻ</u>

വിഹിതം : 103,20,00,000 രൂപ (പദ്ധതിയേതരം)

ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ 330599 കർഷകരാണ് നിലവിൽ അംഗങ്ങളായിട്ടുള്ളതെന്നും 2014-15-ൽ 215 കോടി രൂപ കുടിശ്ശികയാണെന്നും നിലവിലുള്ള അംഗങ്ങൾക്ക് 600 രൂപ പ്രതിമാസം പെൻഷൻ നൽകുന്നതിനായി ഏകദേശം 236 കോടി രൂപ ആവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കുടിശ്ശിക സഹിതം വിതരണം ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 34,780 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതി 34,780 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തിരുന്നുവെങ്കിലും അധിക ധനാഭ്യർത്ഥന മുഖേന 19354 ലക്ഷം രൂപ അനുവദിച്ചു. തുക പൂർണ്ണമായും ചെലവഴിച്ചു.

ശിപാർശ

2401-00-191 - മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം.

50 - റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ്

വിഹിതം : 44,000 രൂപ (പദ്ധതിയേതരം)

2401-00-192 - മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം.

50 - റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ്.

വിഹിതം - 39,60,000 രൂപ (പദ്ധതിയേതരം)

2401-00-198 - ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം.

50 - റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ്.

വിഹിതം -12,03,40,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ രണ്ട് ലക്ഷത്തോളം ഹെക്ടർ നെൽകൃഷിക്ക് ഒരു സീസണിൽ ഹെക്ടറിന് 1000/- രൂപ നിരക്കിൽ ഉൽപ്പാദന ബോണസ് നൽകുന്നതിന് 756.56 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

2401-00-191 -50 കോർപ്പറേഷൻ (നോൺ പ്ലാൻ)

2401-00-192 - 5- മുനിസിപ്പാലിറ്റി (നോൺ പ്ലാൻ)

2401-00-198 - 50 പഞ്ചായത്ത് (നോൺ പ്ലാൻ)

2015-16 വർഷം ടി പദ്ധതിയ്ക്കായി 1243.44 ലക്ഷം രൂപ ബജറ്റ് വിഹിതമായി ലഭിച്ചിട്ടുണ്ട്. നെൽകർഷകർക്ക് ഉൽപാദന ബോണസ്സായി ഒരു ഹെക്ടറിന് 1000/- രൂപ നിരക്കിൽ ഒരു സീസണിലേക്ക് പ്രസ്തുത പദ്ധതി മുഖേന നൽകി വരുന്നു. സംസ്ഥാനത്ത് രണ്ട് ലക്ഷത്തോളം ഹെക്ടറിൽ നെൽകൃഷി ചെയ്തു വരുന്നുണ്ട്. ഇതിലേയ്ക്കായി 756.56 ലക്ഷം രൂപ കൂടി അധികമായി അനുവദിയ്ക്കാൻ 2015-16 - ലെ ആദ്യത്തെ എസ്ഡിജി-യിൽ ആവശ്യപ്പെട്ടു എങ്കിലും തുക അനുവദിയ്ക്കപ്പെട്ടില്ല.

അധിക നിർദ്ദേശം

സംസ്ഥാനത്തെ രണ്ട് ലക്ഷത്തോളം ഹെക്ടർ നെൽകൃഷിക്ക് ഒരു സീസണിൽ ഹെക്ടറിന് 1000 രൂപ നിരക്കിൽ ഉല്പാദന ബോണസ് നൽകുന്നതിന് സമിതി ശിപാർശ ചെയ്ത 756.56 ലക്ഷം രൂപ വകയിരുത്തണമെന്ന് വീണ്ടും ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു. (ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

ഗ്രാമപഞ്ചായത്തുകൾക്ക് 1201.0588 ലക്ഷം രൂപ, മുനിസിപ്പാലിറ്റികൾക്ക് 43.61952 ലക്ഷം രൂപ, കോർപ്പറേഷനുകൾക്ക് 29.1120 ലക്ഷം രൂപ എന്നീ നിരക്കിൽ നെൽകൃഷിക്കുള്ള ഉല്പാദന ബോണസിനായി 2015-16 സാമ്പത്തിക വർഷത്തെ അവസാന ഉപധനാഭ്യർത്ഥനയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അനുവദിക്കപ്പെട്ടില്ല.

ശിപാർശ

2415-01-277-99- കേരള കാർഷിക സർവ്വകലാശാല, സഹായധനം

(31)-സഹായധനം-ശമ്പളം

വിഹിതം : 2,25,53,00,000 രൂപ (പദ്ധതിയേതരം)

2015-16-ലെ സംസ്ഥാന ബജറ്റിൽ കാർഷിക സർവ്വകലാശാലയ്ക്ക് പദ്ധതിയേതര ഗ്രാന്റായി അനുവദിച്ചിട്ടുള്ളത് 225.53 കോടി രൂപ മാത്രമാണ്. ഇത് തൻവർഷത്തെ ഗ്രാന്റായ 208.824 കോടിയേക്കാൾ വെറും 8% മാത്രം അധികമാണ്. നിലവിലുള്ള ഗ്രാന്റ് തന്നെ ശമ്പളം, പ്രതിമാസ പെൻഷൻ തുടങ്ങിയവയ്ക്ക് അപര്യാപ്തമാണെന്നിരിക്കെ 20% എങ്കിലും വർദ്ധനവ് ലഭിക്കാത്തത് 2015-16 വർഷത്തെ ശമ്പളം, പെൻഷൻ വിതരണം അടക്കമുള്ള പ്രവർത്തനങ്ങളെ വളരെ പ്രതികൂലമായി ബാധിക്കും. 42-ൽ അധികം വരുന്ന ഗവേഷണ കേന്ദ്രങ്ങളിലും ഫാമുകളിലുമായി നടക്കേണ്ട ഉല്പാദന പ്രക്രിയ,

തൊഴിലാളികൾക്ക് നൽകേണ്ട വേതനം, അതാത് കാലങ്ങളിൽ കാലാവസ്ഥയ്ക്കനുയോജ്യമായി ചെയ്യേണ്ട കൃഷിപ്പണികൾ എന്നിവയ്ക്കെല്ലാം പണം കണ്ടെത്താനാകാതെ സർവ്വകലാശാല കടുത്ത സാമ്പത്തിക പ്രതിസന്ധി തന്നെ നേരിടേണ്ടി വരും. വരുംവർഷത്തെ 2 ഗഡു ഡി.എ വർദ്ധനവും 10-ാം ശമ്പള പരിഷ്കരണംമൂലം വന്നുചേരാവുന്ന അധിക ബാദ്ധ്യതയും അതീവ ഗുരുതരമായ സ്ഥിതിവിശേഷത്തിലേക്കാണ് സർവ്വകലാശാലയെ കൊണ്ടുചെന്നെത്തിക്കുക. ഇതിന് പുറമേ ഉയർന്ന ശമ്പളംപറ്റുന്ന അദ്ധ്യാപകരും അനദ്ധ്യാപകരും അടക്കം 150-ഓളം പേർ ഈ വർഷം വിരമിക്കാനിരിക്കെ സാമ്പത്തിക പ്രതിസന്ധിയുടെ ആഴം വളരെ വലുതായിരിക്കും.

ഹൈക്കോടതിയെ സമീപിച്ച് അനുകൂല വിധി സമ്പാദിച്ച പെൻഷൻകാർക്ക് പണം നൽകാൻ കഴിയാത്തതിനാൽ 6% പലിശ നൽകേണ്ട സാഹചര്യവും വന്നുചേർന്നിരിക്കുന്നു. നിലവിൽ സർവ്വകലാശാലയിൽ നിന്നും പെൻഷൻ വാങ്ങുന്നവരുടെ എണ്ണം 4574 ആണ്. ഇവർക്ക് പ്രതിമാസ പെൻഷൻ കൊടുക്കുന്നതിനായി സർവ്വകലാശാലയ്ക്ക് പ്രതിവർഷം 94 കോടിയോളം രൂപ ചെലവിടേണ്ടിവരുന്നു. ഓരോ വർഷവും റിട്ടയർ ചെയ്യുന്നവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് പ്രതിവർഷം 26 കോടി രൂപയ്ക്കുമേൽ ചെലവുവരും. അതായത് പ്രതിവർഷം പെൻഷൻ ഇനത്തിൽ മാത്രം 120 കോടിയോളം രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതുകൂടാതെ 2012, 2013, 2014 വർഷങ്ങളിൽ വിരമിച്ചവരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ഇനിയും കൊടുത്തുതീർക്കേണ്ടതായും ഉണ്ട്.

മേൽ സാഹചര്യങ്ങൾ പരിഗണിച്ച് സർവ്വകലാശാലയുടെ ബാധ്യതകൾ തീർക്കുന്നതിന് ഒറ്റത്തവണ പദ്ധതിയേതര ഗ്രാന്റായി 274.41 കോടി രൂപയും 2015-16-ലെ തനതു ചെലവുകൾക്ക് അധിക ഗ്രാന്റായി 41.627 കോടി രൂപയും ചേർത്ത് ആകെ 316.037 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 15,16)

## സർക്കാർ സ്വീകരിച്ച നടപടി

2015-16-ലെ സംസ്ഥാന ബഡ്ജറ്റിൽ കേരള കാർഷിക സർവ്വകലാശാലയ്ക്ക് പദ്ധതിയേതര ഗ്രാന്റായി 225.53 കോടി രൂപ വകയിരുത്തുകയുണ്ടായി. കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി 25 കോടി രൂപ 1st Batch ഉപധാനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അനുവദിക്കുകയുണ്ടായി. ആകെ 250.53 കോടി രൂപയാണ് പദ്ധതിയേതര ധനസഹായമായി 2415-01-277-99-31 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 2015-16 വർഷം കേരള കാർഷിക സർവ്വകലാശാലയ്ക്ക് ഇതുവരെ വകയിരുത്തിയിട്ടുള്ളത്.

കേരള കാർഷിക സർവ്വകലാശാലയുടെ ബാധ്യതകൾ തീർക്കുന്നതിന് ഒറ്റത്തവണ പദ്ധതിയേതര ഗ്രാന്റായി 274.41 കോടി രൂപയും 2015-16-ലെ തനതു ചെലവുകൾക്ക് അധിക ഗ്രാന്റായി 41.627 കോടി രൂപയും ചേർത്ത് ആകെ 316.037 കോടി രൂപ അധികം അനുവദിക്കണമെന്ന സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ പ്രകാരം പ്രസ്തുത തുക ഉപധാനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്നാവശ്യപ്പെട്ട് കേരള കാർഷിക സർവ്വകലാശാല കംപ്ട്രോളർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണിക്കുകയുണ്ടായി.

സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി കാരണം അധിക വിഹിതം അനുവദിക്കുവാൻ സാധിക്കുകയില്ല എന്നും കൂടാതെ നിലവിലുള്ള ബഡ്ജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് ധനപുനർക്രമീകരണ മാർഗ്ഗം വഴി തുക കണ്ടെത്തുന്നതിനുവേണ്ടി ശിപാർശ സമർപ്പിക്കുവാൻ കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാർക്കും കേരള കാർഷിക സർവ്വകലാശാല കംപ്ട്രോളർക്കും നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷം കേരള കാർഷിക സർവ്വകലാശാല

ശുപാർശകളൊന്നും സമർപ്പിക്കാത്തതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെ അധിക ധനസഹായമൊന്നും സർവ്വകലാശാലയ്ക്ക് അനുവദിക്കുവാൻ നിർവ്വാഹമുണ്ടായിരുന്നില്ല.

ശിപാർശ

(35) - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

(36) - കേരള കാർഷിക സർവ്വകലാശാലാ സഹായധനം

വിഹിതം : 17,70,00,000 രൂപ (പദ്ധതി)

പദ്ധതി തുക സർവ്വകലാശാലയ്ക്ക് പലപ്പോഴും സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലാണ് ലഭിച്ചുവരുന്നതെന്നും യഥാസമയം പദ്ധതിതുക സർക്കാരിൽ നിന്നും ലഭിക്കാത്തത് സർവ്വകലാശാലയുടെ പദ്ധതി പ്രവർത്തനങ്ങളെ വളരെ ദോഷകരമായി ബാധിക്കുന്നുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു.ആയതിനാൽ സർവ്വകലാശാലയ്ക്ക് വകയിരുത്തുന്ന പദ്ധതി തുക യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സർക്കാർ സ്വീകരിച്ച നടപടി

2015-16 വർഷം കേരള കാർഷിക സർവ്വകലാശാലയ്ക്ക് പദ്ധതി ധനസഹായമായി 63 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 2015-16 വർഷം കേരള കാർഷിക സർവ്വകലാശാല സമർപ്പിച്ച 63 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസലിന് 29-9-2015 ലെ സ.ഉ. (സാധാ)നമ്പർ.1677/2015/കൃ.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിലെ 27,36,50,000 രൂപ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ പോസ്റ്റ് ചെയ്യുകയും പ്രസ്തുത തുക 2015-16 വർഷം സർവ്വകലാശാലക്ക് നൽകുകയും ചെയ്തു.

ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ നിന്ന് അനുവദിച്ച മേൽ തുക കിഴിച്ച് 35,63,50,000 രൂപ 2016-17 വർഷം സെപ്റ്റംബർ മാസത്തിനകം സർവ്വകലാശാലയ്ക്ക് അനുവദിക്കുന്നതിനായി ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. കൃത്യമായ ധനവിനിയോഗ സർട്ടിഫിക്കറ്റും

പ്രോജക്ടുകളുടെ കംപോണന്റ് വൈസ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റും പദ്ധതികളുടെ പുരോഗതി റിപ്പോർട്ടും സമർപ്പിക്കുന്ന മുറയ്ക്ക് സർവ്വകലാശാലയ്ക്ക് ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ട് വഴി പ്രസ്തുത പദ്ധതി വിഹിതം നൽകുന്നതാണ്.

ശിപാർശ

2415-03-277-99 -കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

വിഹിതം: 40,00,00,000 രൂപ (പദ്ധതി)

ഗവേഷണം, വിദ്യാഭ്യാസം, വിജ്ഞാപനം എന്നിവയുടെ നിർവ്വഹണത്തിനും സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യമൊരുക്കൽ, ഭരണം എന്നീ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്കുമുള്ള തുകയും സർവ്വകലാശാല കെട്ടിടനിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിന് ബഹു. മുഖ്യമന്ത്രി അനുവദിച്ച തുകയും ഉൾപ്പെടെ 2500 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സർവ്വകലാശാലയ്ക്ക് മുൻവർഷം വകയിരുത്തിയ പദ്ധതി തുകയിൽ ലഭിക്കേണ്ട ബാക്കി തുക അനുവദിച്ചുനൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി കാരണം അധിക വിഹിതം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

(31) - സഹായധനം-ശമ്പളം

വിഹിതം : 57,94,41,000 രൂപ (പദ്ധതിയേതരം)

സർവ്വകലാശാലയിൽ നിലവിൽ 100 പെൻഷൻകാരുണ്ട്. ഇവരുടെ ഗ്രാറ്റുവിറ്റി/കമ്മ്യൂട്ടേഷൻ/ആർജ്ജിത വേതനം (ടെർമിനൽ) എന്നിവ കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും ലഭിക്കാനുള്ള തുക അടക്കം കടിശ്ശികയാണെന്നും അധ്യാപകരുടെ ഒഴിവ് നികത്തുന്നതിന് 94 അസിസ്റ്റന്റ്

പ്രൊഫസർമാരെ വിവിധ ഫാക്കൽറ്റികളിൽ യു.ജി.സി ശമ്പളനിരക്കിൽ നിയമിച്ചെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ചെലവുകൾക്കായി 3187.59 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതത്തിനു പുറമെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 19)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2015-16 ധനകാര്യവർഷത്തിൽ പദ്ധതിയേതര ഇനത്തിൽ സർവ്വകലാശാലയ്ക്ക് ആകെ 60,94,41,000/- രൂപ അനുവദിച്ചിരുന്നു. പ്രോവിഡന്റ് ഫണ്ട് തുക അനുവദിക്കുന്നതിലേക്കായി 7.32 കോടി രൂപ ഭാവിയിലെ പദ്ധതിയിതര ഗ്രാന്റിൽ നിന്ന് കുറവ് ചെയ്യുമെന്ന നിബന്ധനയോടെ പ്രത്യേക ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാറിന്റെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി കാരണം അധികവിഹിതം അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

<u>ശിപാർശ</u>

2551-01-800-91 - <u>മലയോര വികസന ഏജൻസി</u>

വിഹിതം : 70,00,00,000 രൂപ (പദ്ധതി)

മലയോരവികസന ഏജൻസിക്ക് 2015-16 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 70 കോടി രൂപയും 2014-15 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ ഇനിയും ലഭിക്കാനുള്ള തുകയും നടപ്പുസാമ്പത്തിക വർഷം അനുവദിച്ചുനൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മലയോരവികസന ഏജൻസിക്ക് 2015-16 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 70 കോടി രൂപയിൽ 61.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്ന സമയമായതിനാലും സാമ്പത്തിക

വർഷത്തിന്റെ അവസാനഘട്ടമായതിനാലും ബാക്കി തുകയായ 8.50 കോടി രൂപ അനുവദിച്ചിട്ടില്ല. 2014-15 സാമ്പത്തിക വർഷം വകയിരുത്തിയ തുകയിൽ ഇനിയും ലഭിക്കാനുള്ള തുകയായ 12 കോടി രൂപ നൽകുന്നതിനായി നിലവിലുള്ള പദ്ധതികളെ മുൻഗണനാക്രമത്തിൽ നിശ്ചയിച്ച്, ആവശ്യമായ re-appropriation ശിപാർശ മലയോരവികസന ഏജൻസി ലഭ്യമാക്കാത്തതിനാൽ പരിഗണിച്ചിട്ടില്ല.

ശിപാർശ

4435-01-101-97 - മറ്റു കാർഷിക പരിപാടികൾ സംബന്ധിച്ച മൂലധന ചെലവ്-

ആർ.ഐ.ഡി.എഫ്. പദ്ധതികൾ

വിഹിതം: 5,00,00,000 രൂപ (പദ്ധതി)

ഈ പദ്ധതിയിൻകീഴിൽ നിലവിൽ നടന്നുവന്നിരുന്ന പ്രവൃത്തികൾക്കായിട്ടാണ് 500 ലക്ഷം രൂപ 2015-16-ൽ വകയിരുത്തിയിട്ടുള്ളത്. എന്നാൽ 2015 മാർച്ച് മാസത്തിൽ ഈ പദ്ധതിയിൻകീഴിൽ (RIDF,XX)30 കോടിയിലേറെ രൂപയ്ക്ക് വിവിധ പ്രവൃത്തികൾക്കായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 3 വർഷം കൊണ്ട് പൂർത്തീകരിക്കേണ്ട ഈ പ്രവൃത്തികൾക്കായി 2015-16 വർഷത്തിൽ 250 ലക്ഷം രൂപ അധികമായി ചെലവു വരുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 250 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

ആർ.ഐ.ഡി.എഫ് പദ്ധതി നടത്തിപ്പിനായി സമിതിയുടെ ശിപാർശ പ്രകാരം 450 ലക്ഷം രൂപ ഉപധനാഭ്യർത്ഥന പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും തുകയൊന്നും അനുവദിച്ചു കിട്ടിയില്ല.

ശിപാർശ

2403-00-001-99 - മൃഗസംരക്ഷണം-ഭരണവും നടത്തിപ്പും-നടത്തിപ്പ്

വിഹിതം - 7,13,68,000 രൂപ (പദ്ധതിയേതരം)

01-4-ശമ്പളം-മെഡിക്കൽ റീഇംബേഴ്സ്മെന്റ്

വിഹിതം ; 1,36,000 രൂപ

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെയും ഫാം ഇൻഫർമേഷൻ ബ്യൂറോയിലെയും ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 23)

<u>ശിപാർശ</u>

2403-00-101-98 - <u>ആശുപത്രികളും ഡിസ്പെൻസറികളും</u>

വിഹിതം : 142,38,13,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 14 ജില്ലാ വെറ്ററിനറി സെന്ററുകൾ, 3 മേഖലാ മരുന്നു സ്റ്റോറുകൾ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാകയാൽ ഇതിനായി 3 ലക്ഷം രൂപയും 2015-16 സാമ്പത്തിക വർഷം പുതിയ 7 വെറ്ററിനറി പോളിക്ലിനിക്കുകൾ ആരംഭിക്കുന്നതിനായി 100.43 ലക്ഷം രൂപയും 2015-16-ൽ പുതിയതായി ആരംഭിക്കുന്ന രാത്രികാല വെറ്ററിനറി സേവനം 30 ബ്ലോക്കുകളിൽ ലഭ്യമാക്കുവാൻ ജീവനക്കാരുടെ ശമ്പളം, മറ്റു ചെലവുകൾ എന്നിവയ്ക്കായി 322.2 ലക്ഷം രൂപയും കൂടി ചേർത്ത് ആകെ 425.63 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 24)

<u>ശിപാർശ</u>

2403-00-101-97 - <u>മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും</u>

വിഹിതം - 26,96,00,000 രൂപ (പദ്ധതി)

ഈ ശീർഷകത്തിൽ താഴെപ്പറയും പ്രകാരം അധികതുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു (ഖണ്ഡിക 25)

<u>ശിപാർശ</u>

മൃഗാശുപത്രിക്ക് ആവശ്യമുള്ള മരുന്നു വാങ്ങുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പ്രസ്തുത ആവശ്യത്തിനായി

600 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 26)

ശിപാർശ

കടപ്പനക്കുന്നിലെ, പണി പൂർത്തിയായി വരുന്ന, മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റലിന് ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനായി 150 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

ശിപാർശ

തെരുവ് നായ്ക്കളുടെ വന്ധ്യംകരണത്തിനായി 83 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ല. പൊതുജന സുരക്ഷയ്ക്ക് വളരെ അത്യാവശ്യമായ ഈ പദ്ധതിയ്ക്കായി 83 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

ശിപാർശ

2403-00-101-84 - ജീവശാസ്ത്രപരമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്രം

വിഹിതം; 3,85,00,000 രൂപ (പദ്ധതി)

പാലോട് പ്രവർത്തിക്കുന്ന ഐ.എ.എച്ച്. & വി.ബി-യിൽ ഒരു സെൽ കൾച്ചർ യൂണിറ്റ് CGMP നിലവാരത്തിൽ സ്ഥാപിക്കാനായി ഈ ശീർഷകത്തിൽ 1500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 23 മുതൽ 29 വരെയുള്ളതിന്)

ആദ്യബാച്ച് ഉപധനാഭ്യർത്ഥന മുതൽ പ്രൊപ്പോസൽ നൽകിയിരുന്നെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2403-00-102-99 - ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ

വിഹിതം : 63,11,02,000 രൂപ (പദ്ധതിയേതരം)

തിരുവനന്തപുരം, കൊട്ടാരക്കര, പത്തനംതിട്ട, ഇടുക്കി, ആലുവ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കന്നുകാലി വികസന പ്രോജക്ടുകൾ, അവയുടെ കീഴിലുള്ള പ്രാദേശിക സെന്ററുകൾ, സബ്സെന്ററുകൾ എന്നിവയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനു അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

19/9/2005-ലെ ജി.ഒ (ആർ.റ്റി)നം. 8320/2015/ഫിൻ പ്രകാരം 1,44,000/- രൂപയുടെ റീ-അപ്രോപ്രിയേഷൻ ലഭിക്കുകയുണ്ടായി.

ശിപാർശ

2403-00-102-96 -വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 8,70,00,000 രൂപ (പദ്ധതി)

20,12,53,000 രൂപ (പദ്ധതിയേതരം)

കെ.എൽ.ഡി. ബോർഡ് ബീജം വാങ്ങുന്ന വകയിൽ നൽകാനുള്ള തുകയിനത്തിൽ 350 ലക്ഷം രൂപ (2014-'15 വർഷത്തിൽ അധികം നൽകേണ്ട തുക ഉൾപ്പെടെ) ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 31)

ശിപാർശ

2403-00-102-81- ഡിപ്പാർട്ട്മെന്റ് ഫാമുകൾ ശക്തിപ്പെടുത്തൽ

വിഹിതം : 13,75,00,000 രൂപ (പദ്ധതി)

കാസർഗോഡ് ബദിയടുക്ക ഫാമിന് ഓഫീസ് കെട്ടിടം, സ്റ്റോർ റൂം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഈ ശീർഷകത്തിൽ

140 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 32)

ശിപാർശ

സർക്കാർ ഫാമുകളിൽ വിപണന ശൃംഖല സ്ഥാപിക്കാനായി 75 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല. ജഴ്സി ഫാം, വിതുര, ജഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ എന്നിവിടങ്ങളിൽ പാൽ വിപണന സൗകര്യത്തിന് ശീതീകരണ സംവിധാനം ഉൾപ്പെടെയുള്ള വിപണന സൗകര്യം ഒരുക്കുന്നതിന് 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 33)

ശിപാർശ

2403-00-102-79 - പ്രത്യേക കന്നുകാലി വികസന പദ്ധതി- എസ്.എൽ.ഡി.പി

വിഹിതം : 16,39,00,000 രൂപ (പദ്ധതി)

ഈ പദ്ധതിയിൽ 40,000 കന്നുകുട്ടികളെ കൂടി ഉൾപ്പെടുത്തുന്നതിനായി 1148 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 34)

ശിപാർശ

2403-00-102-78 - ആർ. കെ. വി. വൈ സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി

വിഹിതം : 30,00,00,000 രൂപ (പദ്ധതി)

നിലവിലുള്ള കന്നുകുട്ടികൾക്കും പുതിയതായി എൻറോൾ ചെയ്യുന്ന കന്നുകുട്ടികൾക്കും തീറ്റ നൽകുന്നതിനായി 4552 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 35)

ശിപാർശ

ഗോവർദ്ധിനി പദ്ധതിയിൽ പുതുതായി പശുക്കുട്ടികളെ വാങ്ങി നൽകുന്ന പദ്ധതി കൂടി ആരംഭിക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നതായി സമിതി

മനസ്സിലാക്കുന്നു. പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയും, സംസ്ഥാനത്ത് വ്യാപകമാകുന്ന ജൈവ കൃഷിക്ക് സഹായകമാകുന്ന ഈ പദ്ധതി മുഖേന 1 ലക്ഷം കന്നുകുട്ടികളെ വാങ്ങി നൽകുന്നതിനായി 5000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 36)

ശിപാർശ

2403-00-103-84 - വീട്ടുപരിസരത്ത് കോഴിവളർത്തൽ വികസന പരിപാടി

വിഹിതം: 2,50,00,000 രൂപ (പദ്ധതി)

സംസ്ഥാനത്തെ സ്കൂളുകൾ വഴി നടപ്പാക്കുന്ന ഈ പദ്ധതിയിൽ കൂടുതൽ സ്കൂൾ കുട്ടികൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക വഴി സംസ്ഥാനത്തെ മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുവാൻ കഴിയുമെന്നതിനാൽ ഈ ശീർഷകത്തിൽ 250 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 37)

ശിപാർശ

4403-00-109-97 -വെറ്ററിനറി വികസനം

വിഹിതം : ഇല്ല

കണ്ണൂർ കക്കാടിൽ പുതിയ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിനായും മറ്റു പരിശീലന കേന്ദ്രങ്ങളുടെ മരാമത്ത് പണികൾക്കായും 1000 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

ശിപാർശ

ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പരാമർശിക്കാത്തവ

കടപ്പനക്കുന്ന് പരിശീലന കേന്ദ്രത്തെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്നതിന് 2014-'15 സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്ന പദ്ധതിക്ക് 1000 ലക്ഷം രൂപ ബന്ധപ്പെട്ട ശീർഷകം പുന:സ്ഥാപിച്ച് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

അനിമൽ സയൻസ് മ്യൂസിയം, മലമ്പുഴ

ശിപാർശ

2014-'15 സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്ന ഈ പദ്ധതിയുടെ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരികയായിരുന്നുവെന്നും കൺസൾട്ടൻസി ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിച്ചതാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതിനുള്ള ശീർഷകം പുന:സ്ഥാപിച്ച് 350 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 40)

ആട്ടവികസന ബോർഡ്

ശിപാർശ

ആട്ടവികസന ബോർഡിന്റെ പ്രാരംഭ നടപടികൾക്കായി പുതിയ ശീർഷകം ആരംഭിച്ച് ആയതിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 41)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 31 മുതൽ 41 വരെയുള്ളതിന്)

ആദ്യബാച്ച് ഉപധനാഭ്യർത്ഥന മുതൽ പ്രോപ്പോസൽ നൽകിയിരുന്നെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2403-00-190-94 - കെ.എസ്.പി.ഡി.സിക്ക് സഹായം

വിഹിതം : 7,00,00,000 രൂപ (പദ്ധതി)

കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡിന് ഈ ശീർഷകത്തിൽ താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി അധികതുക ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു, അതിനാൽ:-

വിവിധ കെപ്കോ പദ്ധതികളുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 600 ലക്ഷം രൂപയും; (ഖണ്ഡിക 43)

കുടപ്പനക്കുന്ന്, കൊട്ടിയം, മാള ഫാമുകളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി 200 ലക്ഷം രൂപയും; (ഖണ്ഡിക 44)

കൊട്ടിയം താറാവ് വളർത്തൽ കേന്ദ്രത്തിന്റെ നവീകരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി 100 ലക്ഷം രൂപയും ;

(ഖണ്ഡിക 45)

മാള കോഴിത്തീറ്റ ഉല്പാദനകേന്ദ്രത്തിന്റെ മൂലധനത്തിനു വേണ്ടി 1500 ലക്ഷം രൂപയും;

(ഖണ്ഡിക 46)

പേട്ടയിലെ മാംസസംസ്കരണ കേന്ദ്രം കടപ്പനക്കുന്നിലേക്ക് മാറ്റുന്നതിന് 700 ലക്ഷം രൂപയും;

(ഖണ്ഡിക 47)

ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

6403-00-190-92-<u>സംസ്ഥാന കോഴിവളർത്തൽ വികസന കോർപ്പറേഷനുള്ള വായ്പകൾ (ആർ.ഐ.ഡി.എഫ്)</u>

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

കാസർഗോഡ് ജില്ലയിൽ പുതുതായി ആരംഭിക്കുന്ന തികച്ചും ശാസ്ത്രീയവും ആധുനിക സജ്ജീകരണങ്ങളോടു കൂടിയതുമായ മാംസ സംസ്കരണശാല പൂർത്തിയാക്കുന്നതിന് 1200 ലക്ഷം രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 400 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

<u>സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 43 മുതൽ 49 വരെയുള്ളതിന്)</u>

അധിക ധനാഭ്യർത്ഥനയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധികമായി തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2403-00-190-93 -<u>എം.പി.ഐ യ്ക്ക് സഹായം</u>

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയുടെ ഇടയാർ കാമ്പസിലെ, ആധുനിക രീതിയിലും ശാസ്ത്രീയമായും മാംസം സംസ്കരിക്കുന്നതിനുള്ള പ്ലാന്റിന്റെ നിർമ്മാണം

വിജയകരമായും സമയബന്ധിതമായും നവംബർ 2015-ൽ പൂർത്തീകരിക്കുന്നതിന് ഈ ശീർഷകത്തിൽ 192 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 50)

## സർക്കാർ സ്വീകരിച്ച നടപടി

2013-14ലെ ബഡ്ജറ്റിൽ (സഹായം) ഇതിനായി തുക വകയിരുത്തിയിട്ടുണ്ടായിരുന്നില്ല ആയതിനാൽ GO(Rt)No.659/14/AD dt 26-3-14 പ്രകാരം 6403-190-99-01-Loans to Meat Products of India Ltd ശീർഷകത്തിൽ 1.5 കോടി രൂപ ഉപധനാഭ്യർത്ഥന പ്രകാര (2013-14) വും GO(Rt)No.688/15/AD dt 30-3-15 പ്രകാരം 6403-190-99-01-Loans to Meat Products of India Ltd. ശീർഷകത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന പ്രകാരവും വകയിരുത്തിയിരുന്നത് അനുവദിക്കുകയുണ്ടായി. ചാലക്കുടി പദ്ധതി പ്രദേശം പരിസ്ഥിതി ലോല പ്രദേശമായതിനാൽ ക്ലിയറൻസ് ലഭ്യമായതിന് ശേഷം മാത്രമേ നിർമ്മാണം തുടങ്ങുവാൻ സാധിക്കു. ആയതിനാൽ, ഇതിനായി നീക്കി വെച്ച 3.15 കോടി രൂപ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ എടയാർ പദ്ധതികൾക്കായി വക മാറ്റി അനുവദിച്ചിട്ടുണ്ട് (14-7-15 ലെ സ.ഉ. (സാ)1204/15/എ.ഡി). ഇതിന്റെ ഒക്കെ ഫലമായി ജൂൺ 2014 ന് ആരംഭിച്ച നിർമ്മാണം 2016 ഒക്ടോബറിൽ കമ്മീഷൻ ചെയ്യാവുന്ന രീതിയിൽ അവസാനഘട്ടത്തിലാണ്. യന്ത്രോപകരണങ്ങൾ ഇറക്കുമതി ചെയ്യുന്നതിലെ ചെറിയ കാലതാമസം പദ്ധതി നിർവ്വഹണത്തിൽ ചെറിയ കാലതാമസമുണ്ടാക്കിയിട്ടുണ്ട്. കേരള സർക്കാർ വിഹിതമായി വിഭാവനം ചെയ്തതിൽ ഇനി 77 ലക്ഷം രൂപ മാത്രമേ അനുവദിക്കാനുള്ളൂ. കൂടുതൽ തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

## ശിപാർശ

പ്രതിദിനം 10 ടൺ കോഴിമാംസം (ഓർഗാനിക് ചിക്കൺമീറ്റ്) ഉൽപ്പാദിപ്പിക്കാൻ ഉതകുന്ന പദ്ധതിയായ മുണ്ടയാട് ആധുനിക കോഴിമാംസ സംസ്കരണ പദ്ധതി സമയബന്ധിതമായി 2015 ഡിസംബറിൽ

പൂർത്തീകരിക്കുന്നതിന് 200 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി. ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ പദ്ധതിക്ക് ആയി സ്ഥലം ലഭ്യമാക്കുന്നതിനും ഭരണാനുമതി നൽകുന്നതിനുമുള്ള നടപടി എടുത്തു വരുന്നു. മേൽ പദ്ധതിക്ക് ഭരണാനുമതി നൽകിയതിന് ശേഷം മാത്രമേ തുക ആവശ്യമുള്ളൂ. ആയതിനാൽ അടിയന്തിരമായി തുക ആവശ്യമില്ല.

<u>ശിപാർശ</u>

ചാലക്കുടിയിലെ ആധുനിക മാംസ സംസ്കരണ പദ്ധതിയുടെ പൂർത്തീകരണത്തിനായി 950 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 52)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ചാലക്കുടി പദ്ധതി പ്രദേശം പരിസ്ഥിതിലോല പ്രദേശമായതിനാൽ ക്ലിയറൻസ് ലഭ്യമായതിനു ശേഷം മാത്രമേ നിർമ്മാണം തുടങ്ങുവാൻ സാധിക്കൂ. ആയതിനാൽ, ഇതിനായി നീക്കി വെച്ച 3.15 കോടി രൂപ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ എടയാർ പദ്ധതികൾക്കായി വക മാറ്റി അനുവദിച്ചിട്ടുണ്ട്. (14-7-15 ലെ സ.ഉ(സാധാ) 1204/15/എ.ഡി).

<u>ശിപാർശ</u>

6403-00-190-99 – <u>മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡിനുള്ള വായ്പകൾ</u>

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയുടെ ഇടയാർ കാമ്പസിൽ ആധുനികരീതിയിലും ശാസ്ത്രീയമായും മാംസം സംസ്കരിക്കുന്ന പ്ലാന്റിന്റെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 624 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 53)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മേൽ ഖണ്ഡിക 50-ലെ മറുപടി കാണുക. കേരള സർക്കാർ വിഹിതമായി വിഭാവനം ചെയ്യതിൽ ഇനി 77 ലക്ഷം രൂപ മാത്രമേ അനുവദിക്കാനുള്ളൂ. കൂടുതൽ തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി കാരണം അധിക വിഹിതം അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

<u>ശിപാർശ</u>

2403-00-190-86 - <u>കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം</u>

വിഹിതം:6,00,00,000 രൂപ (പദ്ധതി)

ഇടുക്കി ജില്ലയിലെ അരിക്കുഴ പഞ്ചായത്തിൽ പ്രതിദിനം 500 ടൺ ഉത്പാദനശേഷിയുള്ള ഒരു ഹൈടെക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി പൂർത്തിയാകുന്നതോടെ ക്ഷീര കർഷകർക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ മിതമായ നിരക്കിൽ ലഭ്യമാക്കാൻ കഴിയും. ആയതിനാൽ പദ്ധതിയുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 1000 ലക്ഷം രൂപ അധികമായി ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ പദ്ധതിക്കായി 12 കോടി രൂപ RIDF ലോണായി അനുവദിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി കാരണം സമിതിയുടെ ശിപാർശ പ്രകാരമുള്ള കൂടുതൽ തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

<u>ശിപാർശ</u>

തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിലുള്ള പ്രതിദിനം 650 ടൺ ഉത്പാദനശേഷിയുള്ള കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് പ്രവർത്തനക്ഷമമായിട്ട് 16 വർഷം തികഞ്ഞു. ആയതിനാൽ പെല്ലറ്റ് മിൽ, ഹാമർ മിൽ, സൈലൊ തുടങ്ങിയ നിർണ്ണായക യന്ത്രസാമഗ്രികളുടെ നവീകരണം നടത്തുന്നതിനായി ഈ

ശീർഷകത്തിൽ 600 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 56)

### സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി കാരണം അധികവിഹിതം അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. കമ്പനിയുടെ മറ്റ് പദ്ധതികൾ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക്, ആവശ്യാനുസരണം, വരുന്ന സാമ്പത്തിക വർഷങ്ങളിൽ ഈ പദ്ധതിക്കായി തുക അനുവദിക്കാവുന്നതാണ്.

### ശിപാർശ

തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിൽ പ്രതിദിനം 50 ടൺ ഉത്പാദനശേഷിയുള്ള ബൈപാസ് പ്രോട്ടീൻ ഫീഡ് സ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 57)

### സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി കാരണം അധിക വിഹിതം അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. കമ്പനിയുടെ മറ്റ് പദ്ധതികൾ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക്, ആവശ്യാനുസരണം, വരുന്ന സാമ്പത്തിക വർഷങ്ങളിൽ ഈ പദ്ധതിക്കായി തുക അനുവദിക്കാവുന്നതാണ്.

### ശിപാർശ

കേന്ദ്ര ഗവൺമെന്റിന്റെ വനിതശിശുക്ഷേമ വകുപ്പ് മുഖാന്തിരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10000 വനിതകൾക്ക് ആട്ടുവിതരണംചെയ്യുന്ന ഒരു പദ്ധതി കേരള ഫീഡ്സ് ആവിഷ്കരിച്ച് വരുന്നതായി സമിതി മനസ്സിലാക്കുന്നു. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ചെലവ് ഏകദേശം 9 കോടി രൂപയാണ്. ആദ്യഘട്ട ധനസഹായമായി കേന്ദ്രഗവൺമെന്റിൽ നിന്ന് 259.88 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിലേക്കായി ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി കാരണം അധിക വിഹിതം അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

കോഴിക്കോട് ജില്ലയിൽ ചേമഞ്ചേരി പഞ്ചായത്തിൽ തിരുവാങ്ങൂരിൽ സ്ഥാപിക്കുന്ന പ്രതിദിനം 360 ടൺ ഉത്പാദന ശേഷിയുള്ള കാലിത്തീറ്റ -ആട്ടതീറ്റ യൂണിറ്റിന്റെ നിർമ്മാണ ചെലവ് 6100 ലക്ഷം രൂപയാണ്. കേരള സർക്കാരിൽ നിന്നും ഇതുവരെ ബഡ്ജറ്റ് വിഹിതമായി 951 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി 2015-2016 ൽ 100 ലക്ഷം രൂപ വായ്പയിനത്തിൽ 6403-00-190-94 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഇതിന്റെ നിർമ്മാണ ചെലവിലേക്കായി 800 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം സമിതിയുടെ ശിപാർശ പ്രകാരമുള്ള അധിക വിഹിതം അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതി ഇതിനകം പൂർത്തിയായിട്ടുണ്ട്. ആയതിനാൽ അനുവദിച്ച തുക തന്നെ ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് പര്യാപ്തമായിരുന്നു എന്ന് കാണാവുന്നതാണ്.

ശിപാർശ

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലുള്ള പ്രതിദിനം 300 ടൺ ഉത്പാദനശേഷിയുള്ള കാലിത്തീറ്റ നിർമ്മാണ യൂണിറ്റിനുവേണ്ടി നടപ്പ സാമ്പത്തിക വർഷം 100 ലക്ഷം രൂപ വായ്പയിനത്തിൽ 6403-00-190-94 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത യൂണിറ്റിന്റെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉല്പാദനം കാര്യക്ഷമമായ രീതിയിൽ ഉറപ്പുവരുത്തി മുന്നോട്ടുപോകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും ആവശ്യമായ വിപുലീകരണം നടത്തുന്നതിനുമായി ഈ

ശീർഷകത്തിൽ 600 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം സമിതിയുടെ ശിപാർശ പ്രകാരമുള്ള അധിക വിഹിതം അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതി ഇതിനകം പൂർത്തിയായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ശിപാർശ

2403-00-190-83-കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനുള്ള സഹായം

വിഹിതം : 17,00,00,000 രൂപ (പദ്ധതി)

ക്ഷീരകർഷകർക്ക് സാങ്കേതിക വിദ്യകൾ പകർന്നു നൽകുന്നതിനായി കളക്ടീവ് ഡെയറി ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി

ക്ഷീരകർഷകരെ കൂടുതലായി ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിനും അവർക്ക് ആധുനിക പരിപാലനമുറകൾ പകർന്നുകൊടുക്കുന്നതിനും പുതിയതായി സമർപ്പിച്ച ഈ പദ്ധതി സഹായകമാകുമെന്ന് സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതിക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പദ്ധതി വിഹിതമായി ഈ ശീർഷകത്തിൽ 392.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 61)

സർക്കാർ സ്വീകരിച്ച നടപടി

അധികധനാഭ്യർത്ഥനക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധികമായി തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2404-00-001-99-01-4 - ക്ഷീരവികസനം-ഭരണവും നടത്തിപ്പും ഡയറക്ടറേറ്റ്-ശമ്പളം-മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്

വിഹിതം :2,12,000 രൂപ (പദ്ധതിയേതരം)

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റിൽ 2014-15 വർഷം നൽകേണ്ട

മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ക്ലയിമുകളിൽ 3 ലക്ഷത്തോളം കുടിശ്ശികയുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതു നൽകുന്നതിന് 3.88 ലക്ഷം രൂപ ഈ ഇനത്തിൽ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

## ശിപാർശ

2404-00-001-99-05-4 - ഡയറക്ടറേറ്റ് ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

വിഹിതം : 300,000 രൂപ (പദ്ധതിയേതരം)

രജിസ്റ്റേർഡ് പോസ്റ്റായി അയയ്ക്കേണ്ട സ്റ്റാറ്റ്യൂട്ടറി നോട്ടീസുകൾ തുടങ്ങിയവയുടെ ചെലവുകളും, കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ് അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകളും സ്റ്റേറ്റ് ഡയറി ലാബിലെ ചെലവുകളും ഈ ശീർഷകത്തിൽ നിന്നുമാണ് വഹിക്കേണ്ടത്. കൂടാതെ വൈദ്യുതി ചാർജ്ജിൽ വന്നിട്ടുള്ള വർദ്ധനവും കണക്കിലെടുക്കേണ്ടതുണ്ട്. കൂടാതെ ഡയറക്ടറേറ്റിൽ ഒരു പാർക്കിംഗ് ഷെഡ്, കോൺഫറൻസ് ഹാൾ എന്നിവ കെട്ടുന്നതിന് നൽകേണ്ട കുടിശ്ശിക തുക നൽകുന്നതിനും തുക ആവശ്യമാണ്.ആയതിനാൽ ഈ ആവശ്യങ്ങൾക്കായി 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

## ശിപാർശ

2404-00-001-99-17 - ചെറു മരാമത്ത് പണികൾ

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന കെട്ടിടം 60 വർഷത്തോളം പഴക്കമുള്ളതാണെന്നും ഇതിന്റെ മേൽക്കൂരയിൽ ചോർച്ചയും പലഭാഗത്തും സീലിംഗ് പൊട്ടി താഴെ വീണിട്ടുള്ളതും ആയതിനാൽ ഇതിന്റെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നിർവ്വഹിക്കേണ്ടതുണ്ടെന്നും മെയിൻ റോഡിൽ നിന്നും ഹെഡ് ഓഫീസിലേക്കുള്ള സബ്റോഡ് ഗതാഗത യോഗ്യമല്ലാതായിട്ടുള്ളതിനാൽ ആയതിന്റെ അറ്റകുറ്റപ്പണിയും അത്യാവശ്യ മാണെന്നും സമിതി മനസ്സിലാക്കുന്നു. വകുപ്പിന്റെ കീഴിലുള്ള പരിശീലന

കേന്ദ്രത്തിൽ വച്ച് വിവിധ പരിശീലനങ്ങൾ നടത്തുന്നതിന് പുതിയ രണ്ട് നില കൂടി നിലവിലുള്ള കെട്ടിടത്തിന്റെ മുകൾഭാഗത്തായി നിർമ്മിക്കേണ്ടതും ഡയറി ഡയറക്ടറേറ്റ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ മുകളിൽ അവലോകനയോഗങ്ങൾ നടത്തുന്നതിന് ഒരു കോൺഫറൻസ് ഹാൾ പണിയേണ്ടതുമുണ്ട്. മേൽ ആവശ്യങ്ങൾക്കായി 250 ലക്ഷം രൂപ ഈ ഇനത്തിൽ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

<u>ശിപാർശ</u>

2404-00-001-99-21-1 - <u>ഡയറക്ടറേറ്റ് - വാഹനം വാങ്ങൽ</u>

വിഹിതം : ഇല്ല

2012-13-ൽ ഭരണാനുമതി ലഭിക്കുകയും 2013 ഫെബ്രുവരിയിലെ ഉപധനാഭ്യർത്ഥനയിൽ 33,98,000/- അനുവദിക്കുകയും ചെയ്തതിൻ പ്രകാരം കമ്പനിയിൽ നിന്നും 7 ബൊലേറോ ജീപ്പുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എടുക്കുകയും ചെയ്തുവെങ്കിലും 2013-14 -ലെ കേന്ദ്ര ബഡ്ജറ്റിൽ എക്സൈസ് തീരുവ കൂട്ടിയതിനാൽ 6 വാഹനങ്ങൾ വാങ്ങുവാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാനേ പ്രസ്തുത തുക കൊണ്ട് കഴിഞ്ഞിട്ടുള്ളുവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഭരണാനുമതി ലഭിച്ച ഏഴാമത്തെ വാഹനം വാങ്ങുന്നതിന് 8 ലക്ഷം രൂപ ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 65)

<u>ശിപാർശ</u>

2404-00-001-98-05 - <u>ജില്ലാഭരണം - ഓഫീസ് ചെലവുകൾ</u>

വിഹിതം : 12,00,000 രൂപ (പദ്ധതിയേതരം)

14 ജില്ലാ ഓഫീസുകളുടെയും ഓഫീസ് ചെലവുകൾക്കും, അത്യാവശ്യ ചെലവുകൾക്കും, തപാലുകൾ അയയ്ക്കുന്നതിനുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4.24 ലക്ഷം രൂപ ഈ ഇനത്തിൽ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 66)

ശിപാർശ

2404-00-001-98-06 - ജില്ലാഭരണം - വാടക, കരം, നികുതി

വിഹിതം : 3,40,000 രൂപ (പദ്ധതിയേതരം)

എറണാകുളം, പത്തനംതിട്ട തുടങ്ങിയ ജില്ലാ ഓഫീസുകളുടെ കീഴിൽ വരുന്ന യൂണിറ്റ് ഓഫീസുകളുടെയും മറ്റു ജില്ലാ ഓഫീസുകളുടെയും വാടക കുടിശ്ശിക ഇനത്തിലുള്ള തുക നൽകുന്നതിലേക്കായി 4.60 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 67)

ശിപാർശ

2404-00-001-97-04-1 - വികസന പ്രവർത്തന ഘടകങ്ങൾ - യാത്രാബത്ത.

വിഹിതം : 6,18,000 രൂപ (പദ്ധതിയേതരം)

152 ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റുകളിലെ ജീവനക്കാർക്ക് യാത്രാബത്ത കുടിശ്ശിക നൽകുവാനും നടപ്പു വർഷത്തെ യാത്രാബത്ത തുക നൽകുവാനും വിരമിച്ച ജീവനക്കാർക്ക് റ്റി.എ കുടിശ്ശിക നൽകുന്നതിനും 8.82 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 68)

ശിപാർശ

2404-00-102-96 - ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ.

വിഹിതം : 3,50,00,000 രൂപ (പദ്ധതി)

പുതിയ ക്ഷീര വികസന യൂണിറ്റുകൾ ആരംഭിക്കുന്നതിനും 2013-14 വർഷത്തിൽ അപ്രതീക്ഷിതമായുണ്ടായ വെള്ളപ്പൊക്കക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച ക്ഷീര കർഷകർക്കും, കുളമ്പുരോഗ ബാധമൂലം ഉരുക്കൾ മരണപ്പെട്ട് നഷ്ടമനുഭവിച്ച എല്ലാ കർഷകർക്കും ധനസഹായം നൽകുന്നതിനും അധിക തുക ശീർഷകത്തിൽ അനുവദിക്കേണ്ടിയിരിക്കുന്നു. ആകെ 610 ലക്ഷത്തിന്റെ പ്രൊപ്പോസൽ വകുപ്പ് സമർപ്പിച്ചിരുന്നതിൽ 350 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ടി ശീർഷകത്തിൽ 260 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 69)

ശിപാർശ

2404-00-102-79 - കാലിത്തീറ്റയ്ക്കുള്ള സബ്സിഡി

വിഹിതം : 13,50,00,000 രൂപ (പദ്ധതി)

ക്ഷീര കർഷകർക്ക് വർഷം മുഴുവനും കാലിത്തീറ്റ സബ്സിഡി നൽകുമെന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷം 5210 ലക്ഷം രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു. ആയതിനാൽ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 1350 ലക്ഷം രൂപയ്ക്കു പുറമെ 3860 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 70)

ശിപാർശ

2404-00-102-77 - കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോല്പാദന സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉല്പാദനവും സൂക്ഷിക്കലും.

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

തീറ്റപ്പുൽ കൃഷിയുടെ പ്രാധാന്യം കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 1400 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 500 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങൾ കേന്ദ്രീകരിച്ച് വനിതകളെ ഉൾപ്പെടുത്തി ഗോപാലിക ഗ്രൂപ്പ് രൂപീകരിച്ച് തീറ്റപ്പുൽ കൃഷി വ്യാപകമാക്കുന്നതിന് വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 900 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 71)

ശിപാർശ

2404-00-102-76 - കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിക്ക് ധനസഹായം.

വിഹിതം : 25,00,000 രൂപ (പദ്ധതി)

കേരള ക്ഷീര കർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീര കർഷകരുടെ എണ്ണം വർദ്ധിച്ചതിനാലും സാമൂഹിക സുരക്ഷാ പദ്ധതികൾക്കായി നൽകുന്ന ധനസഹായം വർദ്ധിപ്പിക്കേണ്ടതുള്ളതിനാലും ഈ ശീർഷകത്തിൽ അധികമായി 40 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 72)

ശിപാർശ

2404-00-800-78 - ക്ഷീര കർഷക ക്ഷേമനിധി ബോർഡിനുള്ള ധനസഹായം

വിഹിതം : ഇല്ല

ക്ഷീര കർഷകർക്ക് ക്ഷീരക്ഷേമനിധി ബോർഡ് വഴി നൽകുന്ന പെൻഷൻ 300 രൂപയിൽ നിന്നും 500 രൂപയാക്കി സർക്കാർ വർദ്ധിപ്പിച്ചിരുന്നു. ഇതിന്റെ ഫലമായി 13 കോടിയോളം രൂപയാണ് ഓരോ വർഷവും ബോർഡിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നത്. 10 കോടി രൂപ സർക്കാർ അനുവദിക്കാൻ തീരുമാനിച്ചുവെങ്കിലും 5 കോടി മാത്രമാണ് 2014-15 ലെ SDG യിൽ അനുവദിച്ചു നൽകിയത്. ആയതിനാൽ 2015-16 വർഷം ക്ഷീരകർഷകർക്ക് പെൻഷൻ നൽകുന്നതിന് അധിക സാമ്പത്തിക ബാധ്യത വന്ന തുകയായ 13 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 73)

ശിപാർശ

2404-00-109-98-05-3 - ക്ഷീരപരിശീലന കേന്ദ്രങ്ങൾ - ടെലഫോൺ ചെലവുകൾ.

വിഹിതം : 11,000 രൂപ (പദ്ധതിയേതരം)

ടെലഫോൺ മുഖാന്തിരമാണ് ഇന്റർനെറ്റ് ഉപയോഗം എന്നതിനാൽ ക്ഷീരപരിശീലന കേന്ദ്രങ്ങളിലെ ടെലഫോൺ ചാർജ്ജിനത്തിൽ അനുവദിച്ചിരിക്കുന്ന തുക തീരെ കുറവാണ്. കുടിശ്ശിക ബില്ലുകൾ അടയ്ക്കേണ്ടതുള്ളതിനാൽ ഈ ഇനത്തിൽ അധികമായി 89,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 74)

ശിപാർശ

2404-00-195-94 - ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം

വിഹിതം : 16,50,00,000 രൂപ (പദ്ധതി)

ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായും മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റവും കമ്പ്യൂട്ടർവൽക്കരണവും നടപ്പിലാക്കി ക്ഷീരസംഘങ്ങളെയും, വകുപ്പിന്റെ വിവിധ തലത്തിലുള്ള ഓഫീസുകളെയും തമ്മിൽ ലിങ്ക് ചെയ്യുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കുമായും ഈ

ശീർഷകത്തിൽ 350 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 75)

<u>സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 62 മുതൽ 75 വരെയുള്ളതിന്)</u>

സമിതി ശിപാർശ ചെയ്ത പ്രകാരം അധിക തുകയ്ക്കായി 2015-2016 വർഷത്തേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവ ലഭ്യതയുടെ പരിമിതി മൂലം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2404-00-195-90 - <u>ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം (ഒറ്റത്തവണ കേന്ദ്ര സഹായ പദ്ധതി)</u>

വിഹിതം : ഇല്ല

ക്ഷീര സംഘങ്ങളുടെ ആധുനികവൽക്കരണം, ക്ഷീരപരിശീലന കേന്ദ്രങ്ങളുടെ ശാക്തീകരണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 76)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ആവശ്യമുള്ള തുക 2015-2016- ലെ പ്ലാൻ ശീർഷകങ്ങളിലെ ബഡ്ജറ്റ് വിഹിതമായി ലഭിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2404-00-195-88-(35) - <u>മലബാർ ക്ഷീരോത്പാദക സഹകരണ യൂണിയന്റെ ആഭിമുഖ്യത്തിൽ ആലക്കോട് ഡയറി പ്ലാന്റ് സ്ഥാപിക്കൽ - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം.</u>

വിഹിതം : ഇല്ല

കണ്ണൂർ ശ്രീകണ്ഠാപുരത്ത് സ്ഥാപിക്കുന്ന ഡയറി പ്ലാന്റിന് സർക്കാർ വിഹിതമായി 17.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 77)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കണ്ണൂർ ശ്രീകണ്ഠാപുരത്ത് സ്ഥാപിക്കുന്ന ഡയറി പ്ലാന്റിനായി ഒരു കോടി രൂപ 2015-2016 - ലെ ഉപധനാഭ്യർത്ഥനയിൽ 6404-195-99-Loans to

KCMMF(P) എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. 2404-00-102-74(P) എന്ന ശീർഷകത്തിൽ നിന്നും 12.66 കോടി രൂപ റീ-അപ്രോപ്രിയേഷൻ വഴി ശ്രീകണ്ഠാപുരം പ്ലാന്റിന് ലഭ്യമാക്കുന്നതിനായി ധനകാര്യ വകുപ്പിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുമുണ്ട്.

<u>ശിപാർശ</u>

2405-00-001-99-<u>നടത്തിപ്പ്</u>

വിഹിതം : 25,58,14,000 രൂപ (പദ്ധതിയേതരം)

കണ്ണൂർ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷൻ എന്നിവയുടെ റിപ്പയർ, പൊന്നാനി ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് ഇലക്ട്രിക് റിപ്പയർ, വെള്ളയിൽ കമ്മ്യൂണിറ്റി റിസോഴ്സ് സെന്റർ ചുറ്റുമതിൽ, കിണർ നിർമ്മാണം, കാസർഗോഡ് കസബ ഫിഷറീസ് കോംപ്ലക്സ് ചുറ്റുമതിൽ നിർമ്മാണം എന്നിവയുടെ ആവശ്യത്തിനായി ഈ ശീർഷകത്തിൽ 64.69 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-78)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2015-16-ലെ ആദ്യബാച്ച് ഉപധനാഭ്യർത്ഥനയിലും രണ്ടാമത്തെ ബാച്ച് ഉപധനാഭ്യർത്ഥനയിലും അവസാന ബാച്ച് ഉപധനാഭ്യർത്ഥനയിലും പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ഫണ്ട് അനുവദിച്ചില്ല. കണ്ണൂർ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് നവീകരണത്തിനായി 15,00,000/-രൂപ അഡീഷണൽ ആതറൈസേഷനായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-101-57- <u>മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള വിവരശേഖരണം</u>

വിഹിതം : 30,00,000 രൂപ (പദ്ധതി)

ഈ പദ്ധതിയിൽ പ്രവർത്തിക്കുന്ന ഡെപ്യൂട്ടി ഡയറക്ടർ, റിസർച്ച് അസിസ്റ്റന്റ്, 2 സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റുമാർ എന്നിവരുടെ ശമ്പളം, 11 പാർട്ട് ടൈം എന്യൂമറേറ്റർമാരുടെ വേതനം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 5 ലക്ഷം

രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-79)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2015-16-ലെ രണ്ടാമത്തെ ബാച്ച് ഉപധനാഭ്യർത്ഥനയിലും അവസാന ബാച്ച് ഉപധനാഭ്യർത്ഥനയിലും പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ഫണ്ട് അനുവദിച്ചില്ല.

<u>ശിപാർശ</u>

2405-00-103-88- <u>ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്താലുള്ള ഭവന പദ്ധതി</u>

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

മാതൃക ഗ്രാമീണ വികസന പദ്ധതിയുടെ കീഴിൽ മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് സഹായം നൽകുന്നതിനുള്ള ഈ പദ്ധതിയിൽ മുൻ വർഷങ്ങളിൽ അനുവദിച്ച വീടുകളുടെ പണി പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 600 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 80)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേന്ദ്ര സർക്കാരിൽനിന്നും പദ്ധതി നടപ്പിലാക്കാൻ ഈ വർഷം അംഗീകാരം ലഭിക്കാത്തതിനാൽ അധികതുക ആവശ്യമില്ല.

<u>ശിപാർശ</u>

2405-00-103-86- <u>മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷയ്ക്കായി മറൈൻ ആംബുലൻസ്</u>

വിഹിതം : ഇല്ല

അഞ്ച് ഫിഷറീസ് സ്റ്റേഷനുകളിലേയ്ക്ക് മറൈൻ ആംബുലൻസ് വാങ്ങുന്നതിനായി 1000 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 81)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കടൽ രക്ഷാ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ നിരക്കിൽ മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിന് 6 കോടി രൂപയുള്ള ഭരണാനുമതി നൽകിയെങ്കിലും 2015-16 വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 2016-17-ലെ പുതുക്കിയ ബജറ്റിൽ 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിനായി 6 കോടി രൂപ അനുവദിക്കുന്ന പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ഈ ബജറ്റിലും തുക വകയിരുത്തിയിട്ടില്ല. എന്നാൽ 100% കേന്ദ്രസഹായത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനായി പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-103-84- <u>മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം</u>

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

സബ്സിഡിനിരക്കിൽ വെള്ള മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനായി പ്രതിമാസം 806 ലക്ഷം രൂപ നിരക്കിൽ 12 മാസത്തേയ്ക്ക് 9672 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 82)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനായി സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്നതിന് 2014-15 സാമ്പത്തികവർഷം 15 കോടി രൂപയുള്ള ഭരണാനുമതി 19.08.2014-ലെ സ.ഉ. (സാധാ)നം 722/14/മ.തു.വ പ്രകാരം ഉത്തരവ് നൽകിയിരുന്നു. 28.02.2015-ലെ സ.ഉ.(സാധാ)നം 139/15/മ.തു.വ പ്രകാരം 15 കോടി രൂപയിൽ 11.31 കോടി രൂപ റിലീസ് ചെയ്യും ബാക്കി 3.69 കോടി രൂപ ലെഡ്ജർ അക്കൗണ്ടിൽ വരവ് വച്ചും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം 2015 ജൂലൈ മാസം മുതൽ സബ്സിഡി തുക (ലിറ്ററിന് 25 രൂപ) ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകിവരികയും ചെയ്യുന്നു. വെള്ള മണ്ണെണ്ണ സബ്സിഡി

അനുവദിക്കുന്നതിന് 2015-16 സാമ്പത്തികവർഷത്തിൽ 10 കോടി രൂപ അനുവദിച്ച് 23.03.2016-ലെ സ.ഉ.(സാധാ)നം 263/16/മ.ബ.വ പ്രകാരം സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

ശിപാർശ

2405-00-103-83- മത്സ്യത്തൊഴിലാളികൾക്കുള്ള ഉൽപ്പാദന ബോണസ്

വിഹിതം : ഇല്ല.

50000 മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന ബോണസ് നൽകുന്നതിനായി 450 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 83)

സർക്കാർ സ്വീകരിച്ച നടപടി

സ.ഉ.(സാധാ)നം 579/16/ധന. നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ ആതറൈസേഷനായി 66,45,000/- രൂപ ഉല്പാദന ബോണസ് പദ്ധതി നടപ്പാക്കുന്നതിന് ലഭിച്ചിട്ടുണ്ട്. ആയത് സ.ഉ.(സാധാ)നം 197/16/മ.ബ.വ തീയതി 01.03.2016 പ്രകാരം 66,45,000/- റിലീസ് ചെയ്തിട്ടുണ്ട്.

ശിപാർശ

2405-00-103-82- സംയോജിത മത്സ്യബന്ധന വികസന പദ്ധതി

(100% എൻ.സി.ഡി.സി സഹായം) (സംസ്ഥാന വിഹിതം)

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

മുൻവർഷങ്ങളിൽ അനുവദിച്ച എൻ.സി.ഡി.സി പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി 2304.79 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 84)

സർക്കാർ സ്വീകരിച്ച നടപടി

സ.ഉ.(സാധാ) നം.7/16/മ.ബ.വ തീയതി 07.01.2016 പ്രകാരം 1115.465 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.

ശിപാർശ

2405-00-103-82- മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ്

(സംസ്ഥാന പദ്ധതി)

വിഹിതം : 2,11,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിക്കുകയും പ്രീമിയം തുക 150 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തതിനാൽ 12.36% സേവന നികുതി ഉൾപ്പെടെയുള്ള പ്രീമിയം അടയ്ക്കുന്നതിന് ഈ ശീർഷകത്തിൽ 39.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 85)

സർക്കാർ സ്വീകരിച്ച നടപടി

ഒരു ഗുണഭോക്താവിന് 145/- രൂപ പ്രീമിയം നിരക്കും 14% സർവ്വീസ് ടാക്സുമാണ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ക്വട്ടേഷൻ സമർപ്പിച്ചിരുന്നത്. ഈ പദ്ധതി നടപ്പാക്കുന്നതിന് അഡീഷണൽ ഓതറൈസേഷനായി ലഭിച്ച 27,59,000 രൂപയും ഉൾപ്പെടെ ആകെ 4,20,17,915/- രൂപ 16.12.2015-ലെ സ.ഉ.(സാധാ) നം.1013/15/മ.തു.വ നം.ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

ശിപാർശ

2405-00-105-96- മൂല്യവർദ്ധിത വിപണി

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

മുൻവർഷങ്ങളിൽ ഏറ്റെടുത്ത് നിർമ്മാണം ആരംഭിച്ച മത്സ്യമാർക്കറ്റുകൾ, പ്രോസസിംഗ് പ്ലാന്റ് , ഫിഷ് മാൾ, പ്രീമിയം ഔട്ട്ലെറ്റ് എന്നിവയുടെ പൂർത്തീകരണത്തിനും 2015-16-ൽ വിഭാവനം ചെയ്തിരിക്കുന്ന ഫിഷ് പ്രൊഡക്ഷൻ ആന്റ് ഡ്രൈയിംഗ് യൂണിറ്റിന് വേണ്ടതായ അധിക തുകയും ചേർത്ത് 1314.726 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 86)

സർക്കാർ സ്വീകരിച്ച നടപടി

2015-16 സാമ്പത്തികവർഷം മൂല്യവർദ്ധിത വിപണിയ്ക്കായി 250 ലക്ഷം

രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക ഇതുവരെയും വിനിയോഗിച്ചിട്ടില്ല. തുക വിനിയോഗി ക്കാത്ത സാഹചര്യത്തിൽ അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

2405-00-105-88- തീരമൈത്രി സൂപ്പർമാർക്കറ്റ്

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

തീരമൈത്രി സൂപ്പർ മാർക്കറ്റിലൂടെ മാവേലി ഇനത്തിൽപ്പെട്ട അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് സപ്ലൈകോയ്ക്ക് തുക നൽകുന്നതിന് 100 ലക്ഷം രൂപ 2015-16 സാമ്പത്തികവർഷത്തിൽ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 87)

സർക്കാർ സ്വീകരിച്ച നടപടി

മാവേലി ഇനത്തിൽപ്പെട്ട അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് സപ്ലൈകോയ്ക്ക് തുക അനുവദിക്കുന്നതിനായി 100 ലക്ഷം രൂപ 2015-16 വർഷത്തിൽ 2405-00-105-88-33 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ

2405-00-109-94- ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷ്യനേറിയവും സ്ഥാപിക്കൽ

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

ഈ പദ്ധതിയ്ക്കായി 50 ഏക്കർ സ്ഥലം വകുപ്പിന് ലഭിച്ചിട്ടുള്ളതിൽ 40 ഏക്കർ സ്ഥലത്ത് ഓഷ്യനേറിയവും അനുബന്ധ സ്ഥാപനങ്ങളും സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നതായും പദ്ധതിക്കായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കമ്പനി രൂപീകരിച്ചിട്ടുള്ളതായും പദ്ധതിയുടെ പ്രതീക്ഷിത അടങ്കൽ തുക 480 കോടിയാണെന്നും സമിതി മനസ്സിലാക്കുന്നു. പദ്ധതിക്ക് മലിനീകരണനിയന്ത്രണ ബോർഡിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും അനുമതി ലഭിച്ചിട്ടുണ്ട്. പരിസ്ഥിതി ആഘാത പഠനം

പൂർത്തിയാവുകയും സംസ്ഥാന കോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ അംഗീകാരവും ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി വിവിധ ഏജൻസികൾക്ക് 33.55 ലക്ഷം രൂപ നൽകാനുണ്ട്. ആയതിനാൽ 2015-16 വർഷം ഈ ശീർഷകത്തിൽ 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 88)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പദ്ധതി നടപ്പാക്കുന്നതിനായി വിശദമായ പാരിസ്ഥിതിക പഠനം ഹൈദരാബാദിലെ വിഷൻ ലാബ്സ് വഴി നടത്തുകയും പാരിസ്ഥിതിക അനുമതിയ്ക്കായി അപേക്ഷ സമർപ്പിക്കുകയും ചെയ്തു. കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി പ്രസ്തുത അപേക്ഷ പരിഗണിച്ച് കേന്ദ്രത്തിൽനിന്നുള്ള അനുമതിയ്ക്കായി ശിപാർശ ചെയ്തിട്ടുണ്ട്. പദ്ധതി പ്രകാരം CRZ-1 മേഖലയിൽ ഉൾപ്പെടുന്നതിനാൽ കോമ്പൻസേറ്ററി അഫോർസ്റ്റേഷൻ നടത്തേണ്ടതുണ്ട്. തീരദേശ നിയന്ത്രണ നിയമ പ്രകാരമുള്ള അനുമതി പാരിസ്ഥിതിക അനുമതി, എന്നിവ ലഭ്യമായാലുടൻതന്നെ ആഗോള ടെണ്ടർ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശിപാർശ</u>

2405-00-110-99- <u>നാടൻ വള്ളങ്ങളുടെ ആധുനികവൽക്കരണം ( 50% കേന്ദ്ര സഹായം )</u>

വിഹിതം : 40,00,000 രൂപ (പദ്ധതി)

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10 എച്ച്.പി. യ്ക്കു താഴെയുള്ള ഔട്ട്ബോർഡ് മോട്ടോറുകൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നതിനു വേണ്ടിയുള്ള പ്രസ്തുത പദ്ധതി മത്സ്യഫെഡ് വഴിയാണ് നടപ്പാക്കുന്നത്. എഞ്ചിനുകളുടെ വില വർദ്ധിച്ചതിനാലും അപേക്ഷകരുടെ എണ്ണം വർദ്ധിച്ചതിനാലും ഈ ശീർഷകത്തിൽ 110 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 89)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മുൻവർഷത്തെ അപേക്ഷയുൾപ്പെടെയുള്ള അപേക്ഷകൾ പരിഗണിക്കുന്നതിന് 110 ലക്ഷം രൂപ അധികമായി 2405-00-110-99 എന്ന ശീർഷകത്തിൽ വകയിരുത്തണമെന്ന് ഫിഷറീസ് ഡയറക്ടർ നിർദ്ദേശം സമർപ്പിച്ചിരുന്നുവെങ്കിലും 31.03.2016-ലെ സ.ഉ.(സാധാ)നം.272/16/മ.തു.വ പ്രകാരം 20 ലക്ഷം രൂപ മാത്രമാണ് റിലീസ് ചെയ്തു നൽകിയത്.

<u>ശിപാർശ</u>

2405-00-800-94- <u>മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സഹായം</u>

വിഹിതം : 23,00,00,000 രൂപ (പദ്ധതിയേതരം)

ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിക്കുകയും മത്സ്യത്തൊഴിലാളി പെൻഷൻ തുക 600 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്ത സാഹചര്യത്തിലും 2014-15 വർഷത്തെ മൂന്നു മാസത്തെ പെൻഷൻ തുക വിതരണം ചെയ്യാനുള്ളതിനാലും ഈ ശീർഷകത്തിൽ 3855.40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 90)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

27.06.2015-ലെ സ.ഉ (സാധാ) നം.493/15/മ.തു.വ ഉത്തരവ് പ്രകാരം പെൻഷൻ വിതരണത്തിനായി 7.67 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2015 മാർച്ച് മുതൽ ഓഗസ്റ്റ് ഉൾപ്പെടെ 6 മാസത്തെ പെൻഷൻ വിതരണത്തിനായി 22.08.2015 ലെ സ.ഉ (സാധാ) നം.710/15/മ.തു.വ ഉത്തരവ് പ്രകാരം ആകെ 23,23,60,000/- രൂപ ഫണ്ട് ബോർഡിന് അനുവദിച്ചിട്ടുണ്ട്. സ.ഉ (സാധാ) നം.1016/15/മ.തു.വ തീയതി 17.12.2015 പ്രകാരം 2015 ഡിസംബർ മാസം വരെയുള്ള പെൻഷൻ അനുവദിക്കുന്നതിനാവശ്യമായ 15,91,45,000/- രൂപയും സ.ഉ (സാധാ) നം.260/16/മ.തു.വ തീയതി 23.03.2016 പ്രകാരം 2016 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ പെൻഷൻ വിതരണത്തിനായി 7,95,72,150/- രൂപയും ഫണ്ട് ബോർഡിന് അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2405-00-800-92- : രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം

വിഹിതം : 10,00,00,000 രൂപ (പദ്ധതിയേതരം)

രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കളായ, വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് പ്രതിവർഷം 15 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

സർക്കാർ സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് 10 കോടി രൂപ അധിക ധനാഭ്യർത്ഥന വഴി അനുവദിക്കുകയും പ്രസ്തുത തുക ജില്ലാ ഓഫീസർമാർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

2405-00-800-75 - മത്സ്യത്തൊഴിലാളികൾക്കുള്ള ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെ നടപ്പാക്കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി (50% CSS)

വിഹിതം : 24,00,00,000 രൂപ (പദ്ധതി)

പഞ്ഞമാസങ്ങളിൽ ആഴക്കടൽ/ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സഹായം ലഭ്യമാക്കുന്നതിനുള്ള പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തൃവിഹിതം 600 രൂപയിൽ നിന്നും 900 രൂപയാക്കി വർദ്ധിപ്പിക്കുകയും അതിനനുസരിച്ച് കേന്ദ്രവിഹിതവും സംസ്ഥാനവിഹിതവും 600 രൂപയിൽ നിന്നും 900 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അധിക തുകയായി 8.40 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

സർക്കാർ സ്വീകരിച്ച നടപടി

സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കുന്നതിന് 32,82,06,400/- രൂപ ആവശ്യമുണ്ടായിരുന്നുവെങ്കിലും 2015-16 ബഡ്ജറ്റിൽ 24 കോടി രൂപ മാത്രമാണ് വകയിരുത്തിയത്. ഇതിൽ അധികം ആവശ്യമുള്ള തുകയായ 8,82,07,000/- രൂപ 24.8.2015-ലെ ജി.ഒ.(സാധാ) നം.7626/15/ഫിൻ. ഉത്തരവ് പ്രകാരം അഡീഷണൽ ആതറൈസേഷനായി ലഭിക്കുകയും ആയത് റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. അവസാന ബാച്ച് എസ്.ഡി.ജി യിൽ പ്രസ്തുത തുക റഗുലറൈസ് ചെയ്യുകയുണ്ടായി.

ശിപാർശ

2405-00-800-50 - മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

വിഹിതം : 1,23,00,000 രൂപ (പദ്ധതി)

പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിക്കുകയും പ്രീമിയം തുക 150 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തതിനാൽ 12.36% സേവന നികുതി ഉൾപ്പെടെ വാർഷിക പ്രീമിയം അടയ്ക്കുന്നതിന് ഈ ശീർഷകത്തിൽ 13.51 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 93)

സർക്കാർ സ്വീകരിച്ച നടപടി

ഒരു ഗുണഭോക്താവിന് 145 രൂപ പ്രീമിയം നിരക്കും 14% സർവ്വീസ് ടാക്സും എന്ന നിരക്കിലാണ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ ക്വട്ടേഷൻ സമർപ്പിച്ചിരുന്നത്. അത് പ്രകാരം 83000 ഗുണഭോക്താക്കൾക്കായി 13,71,99,000/- രൂപയാണ് ആവശ്യമായിട്ടുള്ളത്. ബഡ്ജറ്റിൽ വകയിരുത്തിയ 1,23,00,000/- രൂപയ്ക്ക് പുറമെ ബാക്കി ആവശ്യമുള്ള തുകയായ 14,20,000/- രൂപ 14.12.2015-ലെ ജി.ഒ.(സാധാ) നം.10853/ 15/ഫിൻ. ഉത്തരവ് പ്രകാരം അഡീഷണൽ ആതറൈസേഷനായി അനുവദിക്കുകയും ആയത് റിലീസ് ചെയ്തു നൽകുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

2405-00-800-30 - കട്ടങ്ങല്ലർ അക്വാടെക്കോളജി പാർക്ക്

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

കട്ടങ്ങല്ലരിലുള്ള അക്വാടെക്കോളജി പാർക്കിന്റെ പുനരുദ്ധാരണത്തിനായി 500 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

സർക്കാർ സ്വീകരിച്ച നടപടി

കാവിലിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 500 ലക്ഷം രൂപ അടിയന്തരമായി എസ്.ഡി.ജി വഴി നൽകണമെന്ന് ആവശ്യപ്പെട്ട് ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ആയത് അനുവദിച്ചില്ല.

22.09.2015-ലെ ജി.ഒ.(സാധാ) നം.778/15/മ.തു.വ നം ഉത്തരവ് പ്രകാരം, കാവിലിന്റെ കാനറാ ബാങ്കിലുള്ള കടങ്ങൾ വീട്ടുന്നതിനും SFAC യിലുള്ള ലോൺ അടയ്ക്കുന്നതിനുമായി 2,56,70,768/- ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത തുക 2nd ബാച്ച് SDG യിൽ വകയിരുത്തുകയും ആയത് കാവിൽ മാനേജിംഗ് ഡയറക്ടർക്ക് അനുവദിക്കുകയുണ്ടായി. സർക്കാർ ഭൂമി വീണ്ടെടുത്തിട്ടുണ്ട്.

ശിപാർശ

2405-00-800-28 - കേരള മത്സ്യ - അനുബന്ധ തൊഴിലാളി ക്ഷേമ സെസ്സ് ആക്ട്, 2007-പിരിച്ച സെസ്സ് തുക KFN ബോർഡിലേയ്ക്ക് മാറ്റുന്നത്

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

സെസ്സ് സംബന്ധമായ കേസുകൾ തീർപ്പാക്കുന്നതിനായി 20 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 95)

സർക്കാർ സ്വീകരിച്ച നടപടി

സെസ് ആക്ട് പ്രകാരം വ്യാപാരി വ്യവസായികളിൽ നിന്നും തുക പിരിച്ചെടുത്ത് ബോർഡിന്റെ ക്ഷേമ പ്രവർത്തനങ്ങൾക്കായി നൽകേണ്ടതിനായുള്ള ചെലവിനത്തിൽ 1000/-രൂപയുടെ ടോക്കൺ പ്രൊവിഷനാണ് 2015-16

സാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. വിവിധ ഏജൻസികൾ, വ്യാപാരികൾ, കയറ്റുമതി സ്ഥാപനങ്ങൾ എന്നിവരുടെ സെസ് സംബന്ധിച്ച കേസ് ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ളതിനാൽ സെസ് തുക പൂർണ്ണമായും പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ ടി ഇനത്തിൽ തുക ആവശ്യമായി വന്നിട്ടില്ല.

ശിപാർശ

2405-00-800-23 - കമ്മ്യൂണിറ്റി ക്യാപിറ്റൽ ഫോർ ഇൻസ്റ്റിറ്റ്യൂഷണൽ ക്രെഡിറ്റ് (പലിശരഹിത വായ്പ)

വിഹിതം : 100,00,000 രൂപ (പദ്ധതി)

മത്സ്യത്തൊഴിലാളികൾക്ക് വായ്പ നൽകുന്ന പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് കമ്മ്യൂണിറ്റി മോട്ടിവേറ്റർമാരുടെ സേവനം ആവശ്യമാണ്. ഇവർക്ക് വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 96)

സർക്കാർ സ്വീകരിച്ച നടപടി

കമ്മ്യൂണിറ്റി ക്യാപ്പിറ്റൽ ഫോർ ഇൻസ്റ്റിറ്റ്യൂഷണൽ ക്രെഡിറ്റിലേക്കായി 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 100 ലക്ഷം അനുവദിച്ച നൽകിയിട്ടുണ്ട്. മത്സ്യഫെഡ് വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

ശിപാർശ

2405-00-800-21 - കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

വിഹിതം : 1,20,00,000 രൂപ (പദ്ധതിയേതരം)

വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും മത്സ്യഫെഡ് സഹകരണ സംഘങ്ങളിൽ നിന്നും ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും മറ്റു സർക്കാർ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകളിൽ കടാശ്വാസം അനുവദിക്കുന്നതിന് 2500 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിവിധ ധനകാര്യസ്ഥാപനത്തിൽ നിന്ന് മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകൾക്ക് കടാശ്വാസം അനുവദിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ ആവശ്യമായ 25 കോടി രൂപയിൽ 20 കോടി രൂപ ആദ്യബാച്ച് SDG യിൽ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4405-00-103-98 - <u>സംയോജിത മത്സ്യബന്ധന വികസന പദ്ധതി</u>

<u>(100% എൻ.സി.ഡി.സി സഹായം)</u>

വിഹിതം : 50,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതി മത്സ്യഫെഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യവിപണന സൗകര്യങ്ങൾ വിപുലമാക്കുന്നതിന് ആവശ്യമായ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു. ഐ.എഫ്.ഡി.പി 2014-15 പദ്ധതി പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 758.04 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 98)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 758.04 ലക്ഷം രൂപ SDG വഴി അനുവദിക്കുന്നതിനായി SDG രണ്ടാം ബാച്ചിലും അവസാന ബാച്ചിലും പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ഫണ്ട് അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

4405-00-103- 94 - <u>മരാമത്തുകൾ</u>

വിഹിതം : 55,00,00,000 രൂപ (പദ്ധതിയേതരം)

തീരദേശ റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി 2015-16 വർഷത്തെ ബഡ്ജറ്റിൽ 119.36 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 55 കോടിയാണ് അനുവദിച്ചിട്ടുള്ളത്. പൂർത്തിയായതും നടന്നുവരുന്നതുമായ പ്രവൃത്തികൾക്കും പുതിയ പ്രവർത്തനങ്ങൾക്കും അധികം ഫണ്ട് ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 6436 ലക്ഷം രൂപ അധികം

അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 99)

സർക്കാർ സ്വീകരിച്ച നടപടി

തീരദേശറോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി 2015-16 സാമ്പത്തിക വർഷത്തിൽ 55 കോടി രൂപ അനുവദിച്ചിരുന്നു. ഇതുകൂടാതെ 25 കോടി രൂപ കൂടി 4405-00-105-94 എന്ന ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

4405-00-104-54 - നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം

വിഹിതം : 15,00,00,000 രൂപ (പദ്ധതി)

നബാർഡിന്റെ ആർ.ഐ.ഡി.എഫ് XV, XVII, XIX എന്നിവയിൽ ഉൾപ്പെടുത്തി പുരോഗമിച്ച്/പൂർത്തീകരിച്ച് വരുന്ന പാലങ്ങൾ, റോഡുകൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി അനുവദിച്ച തുകയ്ക്കു പുറമേ 1500 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 109)

സർക്കാർ സ്വീകരിച്ച നടപടി

നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾക്കായി 2015-16-ൽ അനുവദിച്ച 15 കോടി രൂപ കൂടാതെ ഉപധനാഭ്യർത്ഥന വഴി 3.51 കോടി രൂപ കൂടി നൽകിയിട്ടുണ്ട്.

ശിപാർശ

4405-00-104-53 - ആർ.ഐ.ഡി.എഫ് സഹായത്തിന്മേലുള്ള സംയോജിത തീരദേശ വികസന പദ്ധതി

വിഹിതം : 7,40,00,000 രൂപ (പദ്ധതി)

മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 6099.59 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 110)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നബാർഡ് ധനസഹായത്തോടെയുള്ള RIDF-XIX പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിനായി ഈ സാമ്പത്തികവർഷം 4405-00-104-53 (പ്ലാൻ) എന്ന ശീർഷകത്തിൽ 13 കോടി രൂപ അധികധനാഭ്യർത്ഥന വഴി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ഉപധനാഭ്യർത്ഥനയിൽ അനുവദിച്ച് റഗുലറൈസ് ചെയ്യുകയും അഡീഷണൽ ഫണ്ടായി 4,86,29,000/- രൂപ SDG വഴി നൽകുകയുമുണ്ടായി.

<u>ശിപാർശ</u>

4405-00-190-97- <u>എൻ.ബി.സി.എഫ്.ഡി.സി ആന്റ് എൻ.എം.ഡി.എഫ്.സി പദ്ധതികളുടെ കീഴിൽ സീഡ്മണി സഹായം</u>

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

വായ്പയ്ക്കായുള്ള മത്സ്യത്തൊഴിലാളി അപേക്ഷകരുടെ എണ്ണം വർദ്ധിച്ചതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 111)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ജി.ഒ.(സാധാ) നം.588/15/മ.തു.വ തീയതി 24.07.2015 പ്രകാരം 50 ലക്ഷം രൂപയും ജി.ഒ.(സാധാ) നം.937/15/മ.തു.വ തീയതി 24.11.2015 പ്രകാരം 1,00,00,000/- രൂപയും മത്സ്യഫെഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്. അധിക തുകയ്ക്ക് ഫിഷറീസ് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടില്ല.

<u>ശിപാർശ</u>

4405-00-195-95- <u>എറണാകുളത്തെ വലനിർമ്മാണ ഫാക്ടറിയുടെ ആധുനികവൽക്കരണം</u>

വിഹിതം : ഇല്ല

ഈ പദ്ധതിയുടെ രണ്ടാംഘട്ട നടത്തിപ്പിനായി 500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 112)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

എറണാകുളത്തെ വലനിർമ്മാണ ഫാക്ടറിയുടെ ആധുനികവൽക്കരണത്തിന് 5 കോടി രൂപ അധിക ധനാഭ്യർത്ഥന വഴി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4405-00-800-78- <u>ആലപ്പുഴ വടക്ക് അന്ധകാരനഴി പാലം നിർമ്മാണം</u>

വിഹിതം : ഇല്ല

ആലപ്പുഴ ജില്ലയിലെ അന്ധകാരനഴിയുടെ വടക്കുഭാഗത്ത് പാലം നിർമ്മിക്കുന്നതിനായി 635 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. റീടെണ്ടർ ചെയ്ത പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി 286.37 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 113)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ആലപ്പുഴ വടക്ക് അന്ധകാരനഴി പാലം നിർമ്മാണ പ്രവൃത്തിക്കുവേണ്ടി ഉപധനാഭ്യർത്ഥനയിൽ 1,12,99,000/- രൂപ അനുവദിച്ചിട്ടുണ്ട്. കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ 46.14 ലക്ഷം രൂപ അനുവദിച്ചു.

<u>ശിപാർശ</u>

4405-00-800-76- <u>സംയോജിത തീരദേശവികസനം</u>

വിഹിതം : ഇല്ല

മുൻവർഷങ്ങളിൽ പ്രസ്തുത ശീർഷകത്തിൽ നിന്ന് ചെലവഴിക്കുന്നതിനായി അനുമതി ലഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 60 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 114)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ സാമ്പത്തിക വർഷം (2015-16) സംയോജിത തീരദേശ വികസനം എന്ന ശീർഷകത്തിൽ അധികമായി തുകയൊന്നും ആവശ്യമില്ലെന്നും അടുത്ത സാമ്പത്തിക വർഷത്തിൽ (2016-17) അധിക തുക അനുവദിച്ചാൽ മതിയാകുമെന്നും തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

6405-00-195-99- <u>മത്സ്യബന്ധന വികസനത്തിന് സമഗ്രമാർഗ്ഗനിർദ്ദേശ</u>

<u>പദ്ധതിയ്ക്കായി മത്സ്യഫെഡിന് കൊടുക്കുന്ന വായ്പ</u>

<u>(എൻ.സി.ഡി.സി സഹായം)</u>

വിഹിതം : 18,00,00,000 രൂപ (പദ്ധതി)

ഐ.എഫ്.ഡി.പി 2014-'15 പദ്ധതി പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 1114.62 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 115)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

250 ലക്ഷം രൂപ SDG വഴി അനുവദിക്കുന്നതിനായി രണ്ടാം ബാച്ചിലും അവസാന ബാച്ചിലും ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ട് അനുവദിച്ചിട്ടില്ല. ബഡ്ജറ്റ് പ്രൊവിഷനായ 18,00,00,000/- രൂപ മത്സ്യഫെഡിന് റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.

**അനുബന്ധം**

GOVERNMENT OF KERALA

Abstract

Agriculture Department - Utilization of amount available in the Corpus Fund under the State Crop Insurance Scheme to settle pending State Share of premium liabilities due to Agriculture Insurance Company-Sanction Accorded - Orders issued.

---

Agriculture (Agri) Department

GO(Rt) No.158/2016/AGRI Dated, Thiruvananthapuram 24/02/2016.

---

Read:-1. G.O (Rt) No.2258/2014/AD dated 20.12.2014.
2. GO(Rt) No.991/2015/AD dated 01.06.2015.
3. Letter No.TP(2) 16106/15 dated 09.12.15 of the Director of Agriculture, Thiruvananthapuram.

## ORDER

As per Government Order read as 1st and 2nd paper above sanction was accorded for the implementation of National Crop Insurance Programme (NCIP) which included Modified National Agricultural Insurance Scheme (MNAIS), Weather Based Crop Insurance Scheme (WCBCIS) and Coconut Palm Insurance Scheme (CPIS) during 2014-15 season. In the Budget provision for 2015-16 an amount of Rs.1 Crore was earmarked under the head of account 2401-00-110-83 P for the

implementation of NCIP which included MNAIS and WBCIS and CPIS. The amount was already drawn and disbursed to Agriculture Insurance Company (AIC) to settle the state share of premium and claim liabilities of MNAIS and WBCIS during 2014-15 kharif.

2. The Director of Agriculture vide his letter read as 3rd paper above reported that the Regional Manager, Agriculture Insurance Company had submitted a claim for Rs.4,91,05,918/- being the pending state share of premium liabilities under MNAIS and WBCIS during Rabi 2014-15 and MNAIS and WBCIS during Kharif 2015, the details of which are as follows:-

| | |
|---|---|
| State Share of premium liabilities due to AICIL under MNAIS during Rabi 2014-15 | Rs.99,61,270 |
| State Share of premium liabilities due to AICIL under WBCIS during Rabi 2014-15 | Rs.51,44,648 |
| State Share of premium liabilities due to AICIL under MNAIS during Kharif 2015 | Rs.90,00,000 |
| State Share of premium liabilities due to AICIL under WBCIS during Kharif 2015 | Rs. 2,50,00,000 |
| Total Outstanding liabilities due to AICIL during Rabi 2014-15 season kharif 2015 under MNAIs&WBCIS | Rs.4,91,05,918 |

3. The Director of Agriculture has hence requested to give sanction to utilize Rs.4,91,05,918/- from the amount of Rs.14 Crore maintained as Corpus Fund under the State Crop Insurance Scheme, in the Kerala State Co-operative Bank (Account No. 001012-619) so as to settle the pending State share of premium liabilities due to Agriculture Insurance Company.

4. Government, having examined the matter in detail, are pleased to accord sanction to utilize Rs.4,91,05,918/- (Rupees Four Crore Ninety One Lakh Five Thousand Nine hundred and Eighteen only) from the amount of Rs.14 Crore maintained as Corpus Fund under the state Crop Insurance Scheme, in the Kerala State Co-operative Bank so as to settle the pending State share of premium liabilities due to Agriculture insurance Company to enable them to settle the claims of farmers on a priority basis. The Director of Agriculture should take necessary action for submitting the proposal for supplementary Demand for Grant.

(By Order of the Governor)
NAZEEMA.E,
Deputy Secretaryto Government.

To

The Director of Agriculture, Thiruvananthapuram
The Accountant General (A&E/Audit , Kerala),
Thiruvananthapuram.
The District Treasury Officer, District Treasury,
Thiruvananthapuram
The Regional Manager., Agriculture Insurance Company
The Finance Department (vide U.O.No.Agri-B1/6/2016-FIN-
dated 08.02.2016)
Information and Public Relations (Web& New Media)
The Stock File/Office copy.

Forwarded/By Order

Section Officer

## ഭാഗം II

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകൾ

### കൃഷി വകുപ്പ്

2402-00-101-84-<u>പഞ്ചായത്ത് തലത്തിലുള്ള വിശദമായ മണ്ണ് പര്യവേഷണം</u>

വിഹിതം : ഇല്ല

പഞ്ചായത്തുതല വിശദ മണ്ണു പര്യവേഷണത്തിനായി ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

2402-00-101-83 - <u>സോയിൽ മ്യൂസിയം</u>

വിഹിതം : 50,00,000 രൂപ (പദ്ധതി)

സംസ്ഥാന സോയിൽ മ്യൂസിയത്തിന്റെ ദൈനംദിന നടത്തിപ്പിന് ആവശ്യമായ ജീവനക്കാരെ നിയമിക്കണമെന്നും അതുവരെ പ്രസ്തുത ജോലിക്കായി ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-13)

2402-00-102-87-<u>മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ</u>

വിഹിതം : 3,45,00,000 രൂപ (പദ്ധതി)

ഉരുൾപൊട്ടൽ, മണ്ണൊലിപ്പ് എന്നിവമൂലം സംസ്ഥാനത്ത് കൃഷിനാശം സംഭവിച്ചതും സംഭവിക്കാൻ സാധ്യതയുള്ളതുമായ പ്രദേശങ്ങളിൽ ശാസ്ത്രീയമായ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾക്കായി 155 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-14)

2408-02-800-99 - പഴവർഗ്ഗങ്ങൾ കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ഘടകം

വിഹിതം: 8,00,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 2014-15-ൽ അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 7 ലക്ഷം രൂപ റിലീസ് ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക-22)

## മത്സ്യബന്ധന വകുപ്പ്

4405-00-104-84 - തലായി മത്സ്യബന്ധന തുറമുഖ പദ്ധതി (50% കേന്ദ്രാവിഷ്കൃതം)

വിഹിതം : 100,00,000 രൂപ (പദ്ധതി)

ലേലപ്പുര, Quay wall, വാർഫ് എന്നിവയുടെ പൂർത്തീകരണത്തിനായി 400 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക-100)

4405-00-104-80 - കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം (50% കേന്ദ്രാവിഷ്കൃത പദ്ധതി)

വിഹിതം : 200,00,000 രൂപ (പദ്ധതി)

പുലിമുട്ട്, ലേലപ്പുര, ഡ്രെഡ്ജിംഗ്, റോഡുകൾ, പാർക്കിംഗ് ഏരിയ, ചുറ്റുമതിൽ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 800 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക-101)

4405-00-104-73 - ചേറ്റുവ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രാവിഷ്കൃത പദ്ധതി)

വിഹിതം : 80,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി 475 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക-102)

4405-00-104-72 - <u>ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രവിഹിതം)</u>

വിഹിതം : 40,00,000 രൂപ (പദ്ധതി)

ഈ പദ്ധതിയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി 45.43 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക-103)

4405-00-104-70 - <u>വെള്ളയിൽ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രവിഹിതം)</u>

വിഹിതം : 12,00,00,000 രൂപ (പദ്ധതി)

ഈ പദ്ധതിയുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 1800 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-104)

4405-00-104-68 - <u>താനൂർ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രവിഹിതം)</u>

വിഹിതം : 12,00,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 1800 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക-105)

4405-00-104-64 - <u>അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രവിഹിതം)</u>

വിഹിതം : 12,00,00,000 രൂപ (പദ്ധതി)

പദ്ധതിയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 1800 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
(ഖണ്ഡിക-106)

4405-00-104-63 - <u>കടലോര മത്സ്യബന്ധനവും, അടിസ്ഥാനസൗകര്യവും മത്സ്യവിളവെടുപ്പിന് ശേഷമുള്ള വികസന പദ്ധതിക്ക് കീഴിൽ തൃശ്ശൂർ മുനയ്ക്കാകടവിൽ മത്സ്യം കരയ്ക്കടുപ്പിക്കുന്നതിനുള്ള കേന്ദ്രത്തിന്റെ നിർമ്മാണം (75% കേന്ദ്രവിഹിതം)</u>

വിഹിതം : 24,00,000 രൂപ (പദ്ധതി)

മുനയ്ക്കാകടവ് ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ നിർമ്മാണപ്രവൃത്തി 2015-'16 വർഷം പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 83.96 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക-107)

4405-00-104-62 - കടലോര മത്സ്യബന്ധന അടിസ്ഥാന സൗകര്യം മത്സ്യബന്ധനത്തിന് ശേഷമുള്ള പ്രവർത്തനങ്ങൾ എന്നിവയുടെ വികസനത്തിനായുള്ള പദ്ധതി (50% കേന്ദ്രവിഹിതം)

വിഹിതം : 2,64,00,000 രൂപ (പദ്ധതി)

50% കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച മത്സ്യബന്ധനതുറമുഖങ്ങളുടെ മെയിന്റനൻസ് ഡ്രഡ്ജിംഗ് പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 1236 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക-108)

തിരുവനന്തപുരം,
20.10.2016.

വി. എസ്. സുനിൽ കുമാർ
ചെയർമാൻ,
വിഷയനിർണ്ണയ സമിതി I.